കേരള സർക്കാർ

# വാഴക്കുളം ഗ്രാമപഞ്ചായത്ത്
# 2017-18
# ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
website : www.lfa.kerala.gov.in
e-mail : doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,
എറണാകുളം , സിവിൽ സ്റ്റേഷൻ,
കാക്കനാട് – 682 030
ഫോൺ : 0484 – 2422271
email:doekm.ksad@kerala.gov.in

നം.കെ.എസ്.എ.ഇ.കെ.എം(പി5)2163/2018

തീയതി : 04.12.2018

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വാഴക്കുളം ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : വാഴക്കുളംഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വാഴക്കുളം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലേയ്ക്കും ഭാഗം 3ലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :
1)ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
3)കാര്യാലയ പകർപ്പ്

നം കെ.എസ്.എ-ഇ.കെ.എം ( ) /2018 തീയതി. 04.12.2018

എറണാകുളം ജില്ലയിലെ വാഴക്കുളം ഗ്രാമപഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ വാഴക്കുളം ഗ്രാമപഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 1/4/2017 മുതൽ 31/3/2018 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 20 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി ജയ സി ആർ,<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 15.10.2108മുതൽ 27.10.2018 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ അബ്ദുൽ സലാം ടി ഐ,<br>ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി ജലജ. എം.കെ,<br>അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീ ഷിബു പൗലോസ്,<br>സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ സന്തോഷ് കുമാർ എം,<br>ഓഡിറ്റർ (ഹ.ഗ്രേ) |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി വിജി സണ്ണി | 1/4/2017 മുതൽ31/3/2018 വരെ |
| സെക്രട്ടറി | ശ്രീ മൊയ്തുണ്ണിക്കുട്ടി എം. | 1/4/2017മുതൽ 31/3/2018വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | യൂസഫ് കെ എ<br>സ്റ്റീഫൻ കെ കെ | 1//4/17മുതൽ<br>8/11/17 വരെ<br>9/11/17 മുതൽ<br>31/3/18വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | സത്യനാരായണൻ പി കെ | 1/4/17 മുതൽ<br>31/3/18 വരെ |
| വെറ്ററിനറി സർജ്ജൻ | ഡോ. ബബിത മാത്യു | 1/4/17 മുതൽ<br>31/3/18വരെ |
| കൃഷി ഓഫീസർ | അനിത കെ | 1/4/17 മുതൽ<br>31/3/18 വരെ |
| മെഡിക്കൽഓഫീസർ (PHC) | ഡോ.ഉണ്ണികൃഷ്ണൻ യു<br>ഡോ.ഷറീന എസ് | 1/4/17 മുതൽ<br>6/8/17വരെ<br>7/8/17 മുതൽ<br>31/3/18 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ. ജലീന നാലകത്ത് | 1/4/17 മുതൽ<br>31/3/18വരെ |
| മെഡിക്കൽ ഓഫീസർ (ആയൂർവേദം) | ഡോ.ഷീജ | 1/4/17 മുതൽ<br>31/3/18 വരെ |
| വി.ഇ.ഒ | വിനോദ്കുമാർ | 1/4/17 മുതൽ<br>31/3/18വരെ |
| വി.ഇ.ഒ | രാകേഷ് കെ നായർ | 1/4/17 മുതൽ<br>31/3/18വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ദിയ റസാക്ക് | 1/4/17 മുതൽ<br>31/3/18 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ഉമ്മു ഹബീബ | 1/4/17 മുതൽ<br>31/3/18 വരെ |
| ഹെഡ്മിസ്ട്രസ്, ഗവ.എൽ.പി. സ്കൂൾ, എഴിപ്രം | മോഹൻ ദാസ് എം. | 1/4/17 മുതൽ<br>31/3/18വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം(R&P പ്രകാരം) | 1-4 | |
| 5 | ഫണ്ട് വിനിയോഗം (ACR പ്രകാരം) | 1-5 | |
| 6 | പദ്ധതി അവലോകനം | 1-6 | |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് പരിശോധന | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 | |

| | | | |
|---|---|---|---|
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| 12 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-12 | |
| | ഭാഗം 2 | | |
| 13 | റസീതുകളുടെ പരിശോധന -അപാകതകൾ | 2-1 | |
| 14 | വാണിജ്യാവശ്യത്തിനുള്ള കെട്ടിടം വിഭജിച്ച് വസ്തുനികുതി നിർണ്ണയിച്ചു -നികുതി നഷ്ടം | 2-2 | |
| 15 | വസ്തു നികുതി ഈടാക്കിയതിൽ കുറവ്-വരവിനത്തിൽ നഷ്ടം | 2-3 | |
| 16 | തൊഴിൽ നികുതി-അപാകതകൾ | 2-4 | |
| 17 | ഡി & ഒ ലൈസൻസ് ഫീ -അപാകതകൾ | 2-5 | |
| 18 | വാടക-അപാകതകൾ | 2-6 | |
| 19 | ജി എസ് റ്റി ഈടാക്കാത്തതു സംബന്ധിച്ച് | 2-7 | |
| | ഭാഗം 3 | | |
| 20 | ഡെപ്പോസിറ്റ് വർക്ക്- കേരള വാട്ടർ അതോറിറ്റി-സെന്റേജ് ചാർജ് അധികം നൽകി | 3-1 | |
| 21 | പൊതു വാട്ടർ ടാപ്പുകൾ സംബന്ധിച്ച് | 3-2 | |
| 22 | വെറ്ററിനറി സർജൻ നടപ്പിലാക്കിയ പ്രോജക്ടുകളുടെ ഫയലുകൾ ലഭ്യമല്ല | 3-3 | |
| 23 | തെരുവുവിളക്കുകളുടെ കറണ്ട് ചാർജ്ജ് | 3-4 | |
| 24 | എസ്.സി. വിഭാഗം വിദ്യാർത്ഥികൾക്ക് സൈക്കിളുകൾ നൽകിയത് | 3-5 | |
| 25 | മെഡിക്കൽ ഓഫീസർ (ആയുർവേദം)-മരുന്ന് മുഴുവൻ ലഭ്യമായില്ല | 3-6 | |
| 26 | മെഡിക്കൽ ഓഫീസർ (പി എച്ച് സി)-മരുന്നുകൾ മുഴുവൻ ലഭ്യമായില്ല | 3-7 | |
| 27 | വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല. | 3-8 | |
| 28 | തെരുവുവിളക്ക് പരിപാലനം അപാകതകൾ | 3-9 | |
| | ഭാഗം 4 | | |
| 29 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 30 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 31 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 | |
| 32 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 | |
| 33 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 34 | ഓഡിറ്റ് റിക്കവറി | 4-6 | |
| 35 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 | |
| 36 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-8 | |
| 37 | ഓഡിറ്റ് പ്രത്യവലോകനം | 4-9 | |
| 38 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് | 4-10 | |

| | | | |
|---|---|---|---|
| | റിപ്പോർട്ടുകൾ | | |
| 39 | ഓഡിറ്റ് സർട്ടിഫിക്കറ്റ് (2017-18) | അനുബന്ധം-1 | |
| 40 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് (2017-18)<br>ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് (2017-18)<br>ബാലൻസ് ഷീറ്റ്(2017-18) | അനുബന്ധം-2 | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

14/3/2017 തീയതിയിലെ 1 നം.തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 28/3/2018 തീയതിയിലെ 1(1) തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2018 | 16.6.2018 | -- | -- |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 21/6/18 & 22/6/18 | കെ.എസ്.എ.ഇ കെ.എം. (പി.ജി.) 1786 /(80) /2018/ 30.8.2018 |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 27577918.87 |
| വരവ് | 107066951 |
| ആകെ | 134644869.87 |
| ചെലവ് | 109649514 |
| നീക്കിയിരിപ്പ് | 24995355.87 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 17841147 | 17841147 | 15414233 | 0 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 7533178 | 7533178 | 7462154 | 0 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 317483 | 317483 | 317483 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 21396287 | 21396287 | 20221106 | 0 |

| | | | | | | |
|---|---|---|---|---|---|---|
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 5273511 | 5273511 | 4289680 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 15095607 | 15095607 | 10331838 | 0 |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | | 0 | 1083419 | 1083419 | 930568 | 0 |
| സാക്ഷരത | | 100000 | - | 100000 | - | 100000 |
| ദുരിതാശ്വാസനിധി | | 12580 | 482 | 13062 | 0 | 13062 |
| എം.ജി.എൻ.ആർ. ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 8592208 | 8592208 | 8592208 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 550 | 430820 | 431370 | 429370 | 2000 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 0 | 1022500 | 1022500 | 990827 | 52036 |
| | ജില്ലാ പഞ്ചായത്ത് | 0 | 275000 | 275000 | 275000 | 0 |
| ബി ഫണ്ട് | | 0 | 56834120 | 56834120 | 56834120 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് (TSB) | | 6161203 | 12466000 | 18627203 | 18541364 | 85839 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 14474520.93 | 27328028 | 41802548.93 | 22661260 | 19141288.93 |
| മറ്റിനം - ഡെപ്പോസിറ്റുകൾ | | 6230896 | 2532548 | 8763444 | 5440492 | 3322952 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 321 | 95015235 | 273 | 69622113 | | 48 | 85 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

1) പഞ്ചായത്ത് ഓഫീസിലേക്ക് ടി.വി, ടച്ച് സ്ക്രീൻ, പ്രിന്റർ (5/18)

2) പൗരാവകാശ രേഖ പുതുക്കി പ്രസിദ്ധീകരിക്കൽ (03/18)

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 550 | 430820 | 431370 | 429370 | 2000 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | -- | 8162838 | 8162838 | 8162838 | ---- |

.

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 55320 | 110 |
| കർഷകതൊഴിലാളി പെൻഷൻ | 5208900 | 444 |
| വിധവാപെൻഷൻ | 17602600 | 1544 |
| വാർദ്ധക്യകാലപെൻഷൻ | 27735600 | 2378 |
| വികലാംഗപെൻഷൻ | 5772300 | 515 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | 290400 | 25 |
| വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 150000 | 5 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 26/10/18 ന് സ്ഥാപന തലവന്റെ/(സെക്രട്ടറി ഗ്രാമപഞ്ചായത്ത്) ന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 37,363/-രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

1. വാഴക്കുളം ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെയും വിവിധ സ്റ്റാൻഡിംഗ് കമ്മിറ്റികൾ, വർക്കിംഗ് ഗ്രൂപ്പുകൾ, ഗ്രാമസഭകൾ എന്നിവയുടെയും യോഗങ്ങൾ നിയമത്തിലും, ചട്ടങ്ങളിലും വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം കൂടുകയും, സ്ഥാപനത്തിന്റെ വരവ് - ചെലവ് കണക്കുകൾ, പദ്ധതിച്ചെലവുകൾ, ദൈനംദിന പ്രവർത്തനങ്ങൾ എന്നിവയുടെ വിലയിരുത്തൽ നടത്തുകയും ചെയ്യുന്നുണ്ട്. യോഗത്തിന്റെ മിനിറ്റ്സുകൾ, ഗ്രാമസഭ മിനിറ്റ്സുകൾ എന്നിവ എഴുതി സൂക്ഷിക്കുന്നുണ്ട്.

വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചതിന്റെയും യോഗം ചേർന്നതിന്റെയും വിവരങ്ങൾ

| ക്രമ നം. | വർക്കിംഗ് ഗ്രൂപ്പിന്റെ പേര് | അംഗങ്ങളുടെ എണ്ണം | രൂപീകരിച്ച തീയതി | യോഗം ചേർന്ന തീയതി | പ്രധാന നിർദ്ദേശങ്ങൾ |
|---|---|---|---|---|---|
| 1 | കൃഷി | 11 | 24.1.17 | 4.4.17, 26.4.17 | 8 പദ്ധതികൾ നിർദ്ദേശിച്ചു |
| 2 | സാമൂഹ്യ നീതി | 11 | 24.1.17 | 4.4.17, 26.4.17 | കുട്ടികൾക്ക് പോഷക ആഹാരം, അങ്കണവാടികളുടെ മെയന്റനൻസ്, കുട്ടികൾക്ക് സ്കോളർഷിപ്പ് |
| 3 | വിദ്യാഭ്യാസം,കല, സംസ്കാരം | 11 | 24.1.17 | 4.4.17, 26.4.17 | പഠന പിന്നോക്കക്കാരായ കുട്ടികൾക്ക് പരിശീലനം, ടാലന്റ് ഗ്രൂപ്പ് രൂപീകരണം, 10,12 ക്ലാസ്സ് തുല്യത പരീക്ഷ. |
| 4 | പൊതുഭരണം, ധനകാര്യം | 11 | 24.1.17 | 4.4.17, 26.4.17 | പദ്ധതി വിഹിതം വിനിയോഗം,പൌരാവകാശരേഖ തയ്യാറാക്കൽ,ഗ്രാമസേവാ കേന്ദ്രങ്ങൾ |

| | | | | | |
|---|---|---|---|---|---|
| 5 | പൊതുമരാമത്ത് | 11 | 24.1.17 | 4.4.17, 26.4.17 | 268 നിർമ്മാണ പ്രവൃർത്തികൾ നിർദ്ദേശിച്ചു. |
| 6 | കുടിവെള്ളം, ശുചിത്വം | 11 | 24.1.17 | 4.4.17, 26.4.17 | ദുരുപയോഗം ചെയ്യുന്ന ടാപ്പുകൾ നിർത്തലാക്കുക,മാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുക,കിണർ സംരക്ഷണം. |
| 7 | പട്ടിക വർഗ്ഗം | 11 | 24.1.17 | 4.4.17, 26.4.17 | സ്ഥലം വാങ്ങി ഭവനം നിർമ്മിച്ചു നൽകുക, വീട് വാസ യോഗ്യമാക്കുക |
| 8 | പട്ടിക ജാതി | 11 | 24.1.17 | 4.4.17, 26.4.17 | വിദ്യാർത്ഥികൾക്ക് സൈക്കിൾ നൽകുക,വീട് പുനരുദ്ധാരണം. |
| 9 | വനിതാ വികസനം | 11 | 24.1.17 | 4.4.17, 26.4.17 | വനിതാ വിജിലൻസ് സ്കാഡുകൾ രൂപീകരിക്കുക, കൌൺസിലിംഗ് സെന്റർ സ്ഥാപിക്കുക |
| 10 | പ്രാദേശിക സാമ്പത്തിക വികസനം | 11 | 24.1.17 | 4.4.17, 26.4.17 | തരിശു ഭൂമിയിൽ കൃഷിഇറക്കുക, ലൈബ്രറികൾക്ക് സ്ഥല സൌകര്യം ഒരുക്കുക,ലൈബ്രറികളെ നികുതി കളിൽ നിന്നും കറണ്ട് ചാർജ് ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കുക |
| 11 | ദാരിദ്ര്യ ലഘൂകരണം | 11 | 24.1.17 | 4.4.17, 26.4.17 | വീട് വാസയോഗ്യമാക്കൽ വികലാംഗർക്ക് പെട്ടിക്കട കുടിവെള്ള കിണർ സംരക്ഷിക്കൽ |
| 12 | ആരോഗ്യം | 11 | 24.1.17 | 4.4.17, 26.4.17 | അലോപ്പതി,ആയുർവേദം,ഹോമിയോ ആശുപത്രികളിലേക്ക് മരുന്നുകൾ വാങ്ങൽ, കാൻസർ രോഗ നിർണ്ണയ ക്യാമ്പ് |
| 13 | മൃഗസംരക്ഷണവും ക്ഷീര വികസനവും | 11 | 24.1.17 | 4-4-17 26-4-17 | പശു വളർത്തൽ,പേപ്പട്ടി വിഷബാധ നിർമാർജനം,വന്ധ്യത നിവാരണ ക്യാമ്പ്. |

ആസൂത്രണ സമിതി 28.22017-ലും 23.03.2017-ലും യോഗം ചേർന്ന് വർക്കിംഗ് ഗ്രൂപ്പുകളുടെ നിർദ്ദേശങ്ങൾ പദ്ധതി രൂപീകരണത്തിനും നിർവഹണത്തിനും ശുപാർശകൾ ചെയ്തിട്ടുണ്ട്.

2. സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ഓഫീസ് സ്റ്റാഫ് മീറ്റിങ്ങുകൾ എല്ലാ മാസങ്ങളിലും കൂടി പ്രവർത്തനങ്ങളുടെ പുരോഗതികൾ/ പോരായ്മകൾ വിലയിരുത്തുന്നതായി കാണുന്നില്ല.

3. ഗ്രാമപഞ്ചായത്ത് പൗരാവകാശ രേഖ കാലികമായി പരിഷ്കരിച്ച് പ്രസിദ്ധീകരിച്ചിട്ടുണ്ട് .

4. വാടക രജിസ്റ്റർ ,കുടിശ്ശക വാടക രജിസ്റ്റർ എന്നിവ കൃത്യമായി എഴുതി സൂക്ഷിക്കുകയോ രജിസ്റ്റർ പ്രകാരമുള്ള വരവ് അക്കൗണ്ട് പ്രകാരമുള്ള വരവുമായി റീകൺസൈൽ ചെയ്ത് സൂക്ഷിക്കുകയോ ചെയ്യുന്നില്ല.കൃത്യമായ റീകൺസൈൽ സ്റ്റേറ്റ്മെന്റ് തയ്യാറാക്കി നൽകേണ്ടതാണ്. പഞ്ചായത്തിന്റെ മുറികൾ വാടകയ്ക്കുനൽകുമ്പോൾ നിയമാനുസൃതമായി ഈടാക്കേണ്ട ഏറ്റവും കുറഞ്ഞ 5% വാർഷിക വർദ്ധനവ് വരുത്തുന്നില്ല.

5. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളുടെയും ലിസ്റ്റ് തയ്യാറാക്കി അതു പ്രകാരം ഡി & ഒ ലൈസൻസ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. സാംഖ്യാ അക്കൗണ്ട് പ്രകാരം ഡി & ഒ ലൈസൻസ് ഫീ അടവാക്കിയ സ്ഥാപനങ്ങളെ മാത്രം ചേർത്ത് രജിസ്റ്റർ എഴുതി തയ്യാറാക്കുന്നതിനാൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളും ഡി & ഒ ലൈസൻസ് എടുത്തിട്ടുണ്ടോ എന്ന് ഉറപ്പാക്കാനായിട്ടില്ല.

6. പൂർണ്ണമായ സ്ഥാപന തൊഴിൽ നികുതിലിസ്റ്റുകൾ തയ്യാറാക്കി സൂക്ഷിക്കുകയോ, ലിസ്റ്റിലെ ക്രമ പ്രകാരം

രജിസ്റ്ററിൽ രേഖപ്പെടുത്തുകയോ ചെയ്യുന്നില്ല. സ്ഥാപന തൊഴിൽ നികുതി രജിസ്റ്ററിൽ രേഖപ്പെടുത്തിയ തൊഴിൽ നികുതി ധനകാര്യ പത്രികയിലെ വരവുമായി റീകൺസൈൽ ചെയ്തിട്ടില്ല.

7. മരാമത്ത് ചെലവുകളുടെ ഫയലുകൾ പരിശോധിച്ചതിൽ വർക്കുകളുടെ മോണിറ്ററിംഗ് ഫലപ്രദമായി നടത്തുകയും മോണിറ്ററിംഗ് റിപ്പോർട്ട് ബന്ധപ്പെട്ട കൺവീനർ, വാർഡ് മെമ്പർ, പഞ്ചായത്ത് പ്രസിഡണ്ട് എന്നിവരുടെ ഒപ്പ് രേഖപ്പെടുത്തി ഫയലിൽ സൂക്ഷിക്കുകയും ചെയ്യുന്നില്ല. കരാറുകാരന് നൽകുന്ന തുകയുടെ സാംഖ്യ രസീത്, ആദായനികുതി, ക്ഷേമനിധി എന്നിവയുടെ ചെലാൻ എന്നിവ ഫയലിൽ സൂക്ഷിക്കുന്നില്ല.

8. രസീത് വഴിയുള്ള പണം വരവ്, അടവ് എന്നിവ ചട്ടപ്രകാരം കൃത്യമായി നടക്കുന്നുണ്ട്. സാംഖ്യ പ്രകാരമുള്ള കണക്കുകൾ പ്രതിമാസം റീകൺസൈൽ ചെയ്ത് വരവ്- ചെലവ് അനുപാതവും. നീക്കിയിരുപ്പിന്റെ കൃത്യതയും ഉറപ്പുവരുത്തുന്നുണ്ട്.

9.ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും പഞ്ചായത്തിന്റെ എല്ലാ ആസ്തികളും അതിൽ ഉണ്ടെന്ന് ഉറപ്പുവരുത്തിയിട്ടില്ല. കൂടാതെ പുതുതായി സൃഷ്ടിക്കപ്പെടുന്ന ആസ്തികൾ അതിന്റെ യഥാർഥമൂല്യത്തോടെയും, ചട്ടത്തിൽ നിഷ്കർഷിക്കുന്ന ഡിപ്രിസിയേഷൻ നല്കിയും ചേർത്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തിയിട്ടില്ല.

10. പെൻഷൻ അപേക്ഷ രജിസ്റ്ററുകളിൽ അപേക്ഷ തീർപ്പാക്കിയതു സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തേണ്ടതുണ്ട്. എല്ലാ ഡി&ഒ ലൈസൻസിനുള്ള അപേക്ഷകളിലും പഞ്ചായത്ത് സെക്രട്ടറിയുടെ തീരുമാനവും രേഖപ്പെടുത്തേണ്ടതാണ്.

11. ഇ-ടെണ്ടർ സമ്പ്രദായത്തിലൂടെ മരാമത്ത് പ്രവർത്തികൾക്ക് കരാർ നൽകുമ്പോൾ ലഭിക്കേണ്ട, ജില്ലാ പഞ്ചായത്ത് അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്യപ്പെട്ട തുക തിരികെ ലഭിക്കുവാൻ വേണ്ട നടപടിയെടുക്കേണ്ടതാണ്.

12. സ്യൂട്ട് രജിസ്റ്ററിൽ കേസ് സംബന്ധമായ എല്ലാ വിവരങ്ങളും നടത്തിപ്പിനുണ്ടാകുന്ന ചെലവുകളും കൃത്യമായി എഴുതേണ്ടതും കേസ് ഫയലുകൾ ഓരോന്നിനും പ്രത്യേകം സൂക്ഷിക്കേണ്ടതുമാണ്.

ആഭ്യന്തരനിയന്ത്രണ സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ പഞ്ചായത്ത് കമ്മിറ്റിയും വിവിധ സ്റ്റാൻഡിങ്ങ് കമ്മിറ്റികളും കൈകൊള്ളേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 9.10.2018 | 9/2018 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 29.11.2010 | 2005-06 to 2009-10 | 8.1.2011 |

## 1-12 വാർഷികകണക്കുകളിലെ അപാകതകൾ

ഓഡിറ്റ് സാക്ഷ്യപത്രത്തിൽ ഉൾപ്പെടാത്ത അക്കൗണ്ട്സുമായി ബന്ധപ്പെട്ട മറ്റ് പരാമർശങ്ങൾ ഇല്ല

.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 രസീതുകളുടെ പരിശോധന -അപാകതകൾ

1. 2017-18 വർഷത്തെ സാധ്യ രസീതുകൾ പരിശോധിച്ചതിൽ ക്യാൻസൽഡ് രസീതുകൾ നിയമാനുസൃതമായ രീതിയിൽ ക്യാൻസൽ ചെയ്ത് സൂക്ഷിയ്ക്കുന്നതായി കാണുന്നില്ല. പല രസീതുകളും ക്യാൻസൽ ചെയ്യാതെയും സൂക്ഷിച്ചിരിയ്ക്കുന്നു. (ഉദാ: 117010100276 തീ. 18-4-17, 117010100 1664 തീ. 30-6-17).

2. താഴെ ചേർത്ത ക്യാൻസൽഡ് രസീതുകൾ പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല.

1170101001420 തീ. 17-6-17 1778/-

117010109239 തീ. 27-02-18 7510/-

ഇതുമായി ബന്ധപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി നം 5 ന് നല്കിയ മറുപടിയിൽ മേൽ രസീതുകൾ മനപ്പൂർവ്വമല്ലാതെ നഷ്ടപ്പെട്ടതാണെന്നും രസീതുകളിൽ യാതൊരുവിധ ക്രമക്കേടുകൾ നടന്നിട്ടില്ല എന്നും സെക്രട്ടറി പരിശോധിച്ച് ബോധ്യപ്പെട്ടതായി അറിയിച്ചു.

സാംഖ്യ രസീത് കൗണ്ടർ ഫോയിലുകളും ക്യാൻസൽഡ് രസീതുകളും കൃത്യമായി ഫയൽ ചെയ്ത് സൂക്ഷിയ്ക്കേണ്ടതാണ്. രസീത് ക്യാൻസൽ ചെയ്യുന്നതിന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ അംഗീകാരം വാങ്ങേണ്ടതുമാണ്.എല്ലാ ദിവസവും ക്യാൻസൽഡ് രസീത് പരിശോധിച്ച് ക്യാൻസലേഷന്റെ ആധികരികത ഉറപ്പുവരുത്തേണ്ടതും രസീതിൽ കാരണം രേഖപ്പെടുത്തി രസീതു ക്യാൻസൽ ചെയ്ത് പരിശോധനക്കായി സൂക്ഷിക്കേണ്ടതുമാണ്. ഈ വിഷയത്തിൽ പ്രത്യേക ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

## 2-2 വാണിജ്യാവശ്യത്തിനുള്ള കെട്ടിടം വിഭജിച്ച് വസ്തുനികുതി നിർണ്ണയിച്ചു -നികുതി നഷ്ടം

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും)ചട്ടങ്ങളിലെ ചട്ടം 3(5)പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ, 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് വിനിയോഗിച്ചിരിക്കുകയാണെങ്കിൽ മാത്രമേ വെവ്വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിടത്തിനും പ്രത്യേകം വസ്തുനികുതി ചുമത്തേണ്ടതുള്ളു. 1994 ലെ കേരള പഞ്ചായത്തുരാജ് നിയമം 203(9) വകുപ്പിലും, ഒരു കെട്ടിടത്തിന്റെ കാര്യത്തിൽ, 2-ാം ഉപവകുപ്പിൽ പരാമർശിച്ചിരിക്കുന്ന രണ്ടോ അതിലധികമോ ഉപയോഗങ്ങളോ അതിന്റെ ഉപവിഭാഗങ്ങളോ ഒരേ സമയം ബാധകമാകുന്ന പക്ഷം പ്രസ്തുത കെട്ടിടത്തിന്റെ ആകെ വാർഷിക വസ്തുനികുതി തിട്ടപ്പെടുത്തേണ്ടതാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

ഇതിൻ പ്രകാരം ഒരു കെട്ടിട ഉടമയുടെ വാണിജ്യാവശ്യത്തിനുള്ള ഒരു കെട്ടിടം ഒന്നായി നികുതി നിർണ്ണയം നടത്തേണ്ടതാണ്.

തദ്ദേശ സ്വയംഭരണ(ആർ ഡി) വകുപ്പിന്റെ 14/01/11 ലെ 19/2011 നമ്പർ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വാഴക്കുളം ഗ്രാമപ്പഞ്ചായത്ത് ഭരണസമിതിയുടെ വസ്തുനികുതി പരിഷ്കരണത്തിനുള്ള 17/10/2011 ലെ 3-ാം നമ്പർ തീരുമാന പ്രകാരം, വാണിജ്യാവശ്യത്തിനുള്ള 100 ച. മീറ്റർ വരെ തറ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് 50 രൂപയായും100 ച. മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് 60 രൂപയായും നിരക്ക് പ്രസ്താവിച്ചിട്ടുണ്ട്.എന്നാൽ നികുതി നിർണ്ണയ രേഖകൾ പരിശോധിച്ചതിൽ ഒരേ വ്യക്തിയുടെ വാണിജ്യാവശ്യത്തിനുള്ള ഒരു കെട്ടിടം വിവിധ കടമുറികളായി വിഭജിച്ച് നികുതി നിർണ്ണയിക്കുകയും അവയ്ക്ക് ബാധകമായ ഉയർന്ന നിരക്ക് (ചതുരശ്ര മീറ്ററിന് 60 രൂപ) ഈടാക്കുന്നതിനു പകരം 100 ച. മീറ്റർ വരെ തറ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ബാധകമാകുന്ന ചതുരശ്ര മീറ്ററിന് 50 രൂപ നിരക്കിൽ നികുതി ഈടാക്കുകയും ചെയ്തു. വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | വാർഡ് നം./കെട്ടിട | കെട്ടിട ഉടമ | പ്ളിന്ത് ഏരിയ | ഈടാക്കേണ്ട നികുതി 60/-രൂപ | ഈടാക്കിയ നികുതി 50/-രൂപ | കുറവ് |
|---|---|---|---|---|---|---|

| | നം. | | | നിരക്കിൽ (വർദ്ധനവ്/ഇളവ് ഉൾപ്പെടെ) | നിരക്കിൽ (വർദ്ധനവ്/ഇളവ് ഉൾപ്പെടെ) | |
|---|---|---|---|---|---|---|
| 1 | VII/528-A | സെയ്ഫുദ്ദീൻ, പരീത്,തച്ചര കുടിമുച്ചേത്ത്,പള്ളിപ്രം | 124.89മീ.2 | 7493+375 | 7493+375(60/- രൂപ നിരക്കിൽ ഈടാക്കി.) | ഇല്ല |
| 2 | VII/528-B | ,, | 13.42 മീ.2 | 805-161(20%) 644+32 | 671-134(20%) 537+27 | 107+5 |
| 3 | VII/528-C | ,, | 13.42 മീ.2 | 805-161(20%) 644+32 | 671-134(20%) 537+27 | 107+5 |
| | | ആകെ | | | 2890+144 | 214+10 |

ചട്ടവിരുദ്ധമായി വസ്തുനികുതി നിർണ്ണയം നടത്തിയതുമൂലം 2017-18 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തു ഫണ്ടിന് വസ്തുനികുതിയിനത്തിൽ 2890 രൂപയുടേയും ഗ്രന്ഥശാല വരി ഇനത്തിൽ സംസ്ഥാന ലൈബ്രറി കൌൺസിലിന് 144രൂപയുടേയും നഷ്ടം ഉണ്ടായിട്ടുണ്ട്. 19-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ഹാജരാക്കിയ മറുപടിയിൽ കെട്ടിടം നം xx/750A-ൽ കുറവുവന്ന വസ്തുനികുതി 1860 രൂപയും ഗ്രന്ഥശാല വരി 93 രൂപയും രശീതി 118010104544/തീ.27.10.18 പ്രകാരവും, xx/750 c-ൽ കുറവുവന്ന വസ്തുനികുതി 816 രൂപയും ഗ്രന്ഥശാല വരി 41രൂപയും രശീതി 118010100488/തീ.17.04.2018 പ്രകാരവും അടച്ചതായി അറിയിച്ചിട്ടുണ്ട്.എന്നാൽ മേൽപറഞ്ഞിട്ടുള്ള കെട്ടിട നം VII/528-B, VII/528-C എന്നിവയിലെ വസ്തു നികുതി 214 രൂപയും ഗ്രന്ഥശാലവരി 10 രൂപയും അടവാക്കിയില്ല. ആയത് ഉത്തരവാദിയിൽ നിന്നും ഈടാക്കി ഫണ്ടിൽ അടവാക്കേണ്ടതാണ്.

## 2-3 വസ്തു നികുതി ഈടാക്കിയതിൽ കുറവ്-വരവിനത്തിൽ നഷ്ടം

| കെട്ടിട നം. | കെട്ടിട ഉടമ | കെട്ടിട ഉപയോഗം | ഈടാക്കേണ്ട നികുതി | ഈടാക്കിയ നികുതി | കുറവ് |
|---|---|---|---|---|---|
| X/354-C | ഇ.എ.ഷാജി &അൻസി.കെ. അലിയാർ, ഇടശ്ശേരിക്കുടിയിൽ, പായിപ്ര | വാണിജ്യം | 121.15*60 7269+1454(20% വർധന) 8723+436(LC) | 121.15*50 6058+1212( 20% വർധന) 7270+364(LC) | 1453+72(LC) |

തദ്ദേശ സ്വയംഭരണ(ആർ ഡി) വകുപ്പിന്റെ 14/01/11 ലെ 19/2011 നമ്പർ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വാഴക്കുളം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ വസ്തുനികുതി പരിഷ്കരണത്തിനുള്ള 17/10/2011 ലെ 3-ാം നമ്പർ തീരുമാന പ്രകാരം, വാണിജ്യാവശ്യത്തിനുള്ള 100 ച. മീറ്റർ വരെ തറ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് 50 രൂപയായും 100 ച. മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് 60 രൂപയായും നിരക്ക് പ്രസ്താവിച്ചിട്ടുള്ളതാണ്. എന്നാൽ മേൽപറഞ്ഞിരിക്കുന്ന കെട്ടിടത്തിന്റെ നികുതി ഈടാക്കിയതിൽ കുറവുവന്ന വസ്തുനികുതി തുക 1453 രൂപ ബന്ധപ്പെട്ട വ്യക്തിയിൽനിന്നും ഈടാക്കി പഞ്ചായത്തു ഫണ്ടിലേക്കും ലൈബ്രറി സെസ്സ് സംസ്ഥാന ലൈബ്രറി കൗൺസിലിലേക്കും അടയ്ക്കേണ്ടതാണ്.

## 2-4 തൊഴിൽ നികുതി-അപാകതകൾ

2017 -18 വർഷത്തെ തൊഴിൽ നികുതി സംബന്ധിച്ച രജിസ്റ്ററുകളും രേഖകളും പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

.

1. ജീവനക്കാരുടെ തൊഴിൽ നികുതി

പൂർണ്ണമായ സ്ഥാപന ലിസ്റ്റുകൾ തയ്യാറാക്കി സൂക്ഷിക്കുകയോ, ലിസ്റ്റിലെ ക്രമ പ്രകാരം രജിസ്റ്ററിൽ രേഖപ്പെടുത്തുകയോ ചെയ്യുന്നില്ല. ജീവനക്കാരുടെ തൊഴിൽ നികുതി രജിസ്റ്ററിൽ രേഖപ്പെടുത്തിയ തൊഴിൽ

നികുതി ധനകാര്യ പത്രികയിലെ വരവുമായി റീകൺസൈൽ ചെയ്തിട്ടില്ല. പൂർണ്ണമായ സ്ഥാപന ലിസ്റ്റുകൾ തയ്യാറാക്കി ലിസ്റ്റിലെ ക്രമ പ്രകാരം രജിസ്റ്ററിൽ രേഖപ്പെടുത്തി ധനകാര്യ പത്രികയിലെ വരവുമായി റീകൺസൈൽ ചെയ്ത് ഡി സി ബി പത്രിക തയ്യാറാക്കേണ്ടതാണ്.

സ്ഥാപന മേധാവികൾ സമർപ്പിക്കുന്ന ലിസ്റ്റുകളിൽ എല്ലാ വരുമാനവും രേഖപ്പെടുത്തുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതും അതിന്റെ കൃത്യത പരിശോധിക്കേണ്ടതുമാണ്. ഒരു സ്ഥാപനത്തിൽ ജോലി ചെയ്യുന്ന സ്ഥിര, താല്ക്കാലിക, ദിവസ, കരാർ വേതനക്കാരിൽ ഒരു അർദ്ധ വർഷത്തിൽ 60 ദിവസത്തിൽ കൂടുതൽ ജോലി ചെയ്ത മുഴുവൻ ജീവനക്കാരുടെയും തൊഴിൽ നികുതി അടവാക്കുന്നുണ്ട് എന്ന് ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. സ്ഥാപന തൊഴിൽ നികുതി

a) സ്ഥാപന തൊഴിൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ എല്ലാ സ്ഥാപനങ്ങളെയും ഉൾപെടുത്തി സ്ഥാപന ലിസ്ററ് തയ്യാറാക്കുകയോ, തൊഴിൽ നികുതി കണക്കാക്കുന്നതിനും ഈടാക്കുന്നതിനായി സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകുകയോ ചെയ്യുന്നില്ല. ഡി & ഒ ലൈസൻസിന് അപേക്ഷിക്കുന്ന സ്ഥാപനങ്ങളിൽ നിന്ന് മാത്രം സ്ഥാപന തൊഴിൽ നികുതി ഈടാക്കുകയും അത് ഡി & ഒ രജിസ്റ്ററിൽ രേഖപ്പെടുത്തുകയും ചെയ്യുന്നു. മുൻവർഷങ്ങളിൽ നികുതി അടച്ചതും പുതിയ സ്ഥാപനങ്ങളും അടക്കം എല്ലാ സ്ഥാപനങ്ങളും നികുതി അടയ്ക്കുന്നുണ്ടോ എന്ന് പരിശോധിക്കുകയോ ഉറപ്പാക്കുകയോ ചെയ്യുന്നില്ല. രജിസ്റ്ററിൽ രേഖപ്പെടുത്തിയ നികുതി വരവ് ധനകാര്യ പത്രികയിലെ വരവുമായി റീകൺസൈൽ ചെയ്ത് ഡി സി ബി പത്രിക തയ്യാറാക്കേണ്ടതാണ്. എല്ലാ വർഷവും പുതിയ സ്ഥാപനങ്ങളെ ഉൾപ്പെടുത്തി വാർഡ് തിരിച്ച് ട്രേഡേഴ്സ് ലിസ്റ്റ് പുതുക്കേണ്ടതും ഈ ലിസ്റ്റിലെ ക്രമപ്രകാരം രജിസ്റ്റർ എഴുതി ഡി.സി.ബി. പത്രിക തയ്യാറാക്കേണ്ടതുമാണ്.

b) കുടിശ്ശിക സ്ഥാപന തൊഴിൽ നികുതി രജിസ്റ്റർ സൂക്ഷിക്കുകയോ കുടിശ്ശിക നികുതി അടച്ച വിവരങ്ങൾ രേഖപ്പെടുത്തുകയോ ചെയ്യുന്നില്ല.

3. മുൻ വർഷങ്ങളിൽ തൊഴിൽ നികുതി നിർണ്ണയിച്ച് ഈടാക്കിയ സ്ഥാപനങ്ങളിൽ നിന്നും 2017-18 വർഷം നികുതി പിരിക്കാത്തതായി കണ്ടു. വിശദ വിവരം ചുവടെ ചേർക്കുന്നു.

List A

ജീവനക്കാരുടെ തൊഴിൽ നികുതി

സ്ഥാപനം

| | | |
|---|---|---|
| 1 | ICDS ഓഫീസ് | Ist & IInd |
| 2 | സോരിസ് കോർപറേഷൻ | |
| 3 | വാഴക്കുളം ബ്ലോക്ക് ജനറൽ മാർക്കറ്റിംഗ് & പ്രോസസ്സിങ് കോപറേറ്റീവ് സൊസൈറ്റി | |
| 4 | ഐ.ക.എം - | |
| 5 | ലോജിവേയർ സിസ്റ്റം & സൊലൂഷൻസ് | |
| 6 | ലോജിവേയർ സപ്ലൈ ചെയിൻ സൊലൂഷൻസ് | |
| 7 | എംപയർ ജനറൽ കോൺട്രാക്ടിങ്ങ് | Ist & IInd |
| 8 | ഇലക്ട്രിക്കൽ എൽ.ഐ സെക്ഷൻ, ആലുവ | |
| 9 | ഡയമണ്ട് പോളിമേർസ് | |
| 10 | എറ്റാലിയ ഇൻഡസ്ട്രീസ് | |
| 11 | ടൈക്കോൺ ഹൈഡ്രോളിക്സ് പേവിങ്ങ് ടൈൽസ് | |
| 12 | കടവിൽ ഇക്യുപ്മെന്റ് മുടിക്കൽ | |
| 13 | കടവിൽ ഇലക്ട്രോ മെക്കാനിക്കൽ ഇൻഡസ്ട്രീസ് | |

| | | |
|---|---|---|
| 14 | ഫാബി അസ്സോസിയേറ്റസ് | |

ഈ സ്ഥാപനങ്ങളിലെ സ്ഥാപന തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

4. ജീവനക്കാരുടെ തൊഴിൽ നികുതി അടച്ച താഴെ ചേർത്ത സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി അടച്ചതായി രേഖപ്പെടുത്തിയിട്ടില്ല.

List B

| | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | ഫെഡറൽ ബാങ്ക് മാറംപിള്ളി | Ist & IInd |
| 2 | ബാങ്ക് ഓഫ് ഇൻഡ്യ മാറംപിള്ളി | ” |
| 3 | എസ് ബി ഐ മുടിയ്ക്കൽ | ” |
| 4 | കാത്തലിക് സിറിയൻ ബാങ്ക് | ” |
| 5 | എസ്.സി.ബി.എസ്. മാറംപിള്ളി | ” |
| 6 | എസ്.സി.ബി.എസ് വാഴക്കുളം | ” |
| 7 | മുത്തൂറ്റ് ഫിൻ കോർപ്, ചെമ്പറക്കി | ” |
| 8 | മണപ്പുറം ഫിനാൻസ്, വാഴക്കുളം | ” |
| 9 | മണപ്പുറം ഫിനാൻസ്, മുടിയ്ക്കൽ | ” |
| 10 | മാവേലി സ്റ്റോർ, ചെമ്പറക്കി | ” |
| 11 | മാവേലി സ്റ്റോർ, മാറംപിള്ളി | ” |
| 12 | മുത്തൂറ്റ് ഫിനാൻസ് മാറംപിള്ളി | ” |
| 13 | സൌത്ത് ഇൻഡ്യൻ ബാങ്ക് സൌത്ത് വാഴക്കുളം | ” |
| 14 | ബി.എസ്.എൻ.എൽ, മാറംപിള്ളി | ” |

. ഈ സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിയ്ക്കേണ്ടതാണ്.

5. ഡി & ഒ ലൈസൻസ് എടുത്ത പല സ്ഥാപനങ്ങളും ജീവനക്കാരുടെ തൊഴിൽ നികുതി അടയ്ക്കുന്നില്ല.

List C

| ക്രമ നം | ഡി & ഒ ലൈസൻസ് നമ്പർ | സ്ഥാപനത്തിന്റെ പേര്/തരം | ലൈസൻസിനുള്ള അപേക്ഷ പ്രകാരം ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1 | 3 | ആക്യുറേറ്റ് പ്രൊഡക്ട്സ് | 4 |
| 2 | 5 | ചിറക്കാട്ടിൽ പ്ലൈവുഡ് | 9 |
| 3 | 6 | നാഷണൽ പ്ലൈവുഡ് | 9 |
| 4 | 8 | ഇൻഫ പ്ലാസ്റ്റിക്സ് | 5 |
| 5 | 12 | ചാൻസലർ കാർട്ടൻസ് | 7 |
| 6 | 15 | മുണ്ടക്കൽ ഇൻഡസ്ട്രീസ് | 4 |
| 7 | 16 | മുഹമ്മദ് വുഡ് ഇൻഡസ്ട്രീസ് | -- |
| 8 | 24 | ബിസ്മി മെറ്റൽസ് | 5 |
| 9 | 26 | ത്രി സ്റ്റാർ ടിംബേർസ് | 7 |
| 10 | 35 | തേങ്ങരാൻ ടിംബേർസ് | 7 |
| 11 | 41 | ന്യൂ പ്ലൈവുഡ് ഇൻഡസ്ട്രീസ് | 9 |

| | | | |
|---|---|---|---|
| 12 | 44 | സവേദയ ടിംമ്പേർസ് | 4 |
| 13 | 45 | യുണിറ്റ് വുഡ് വർക്ക്സ്, ഇൻഡസ്ട്രീസ് | 9 |
| 14 | 46 | ജയഹിന്ദ് സോമിൽസ് & ഇൻഡസ്ട്രീസ് | 7 |
| 15 | 47 | പി.എ ബോർഡ്സ് | 33 |
| 16 | 51 | മെസ്സേർസ് ലൈല സോമിൽസ് | 6 |
| 17 | 53 | ഫമീർ ടിമ്പേർസ് | 5 |
| 18 | 55 | പ്ലൈവുഡ് ഇൻഡസ്ട്രി | -- |
| 19 | 56 | വെനീർ യുണിറ്റ് | -- |
| 20 | 58 | സ്റ്റാർവുഡ് ഇൻഡസ്ട്രീസ് | 20 |
| 21 | 61 | ഫ്രൂട്ട് ജ്യൂസ് യൂണിറ്റ് | -- |
| 22 | 63 | ഹവായ് ചപ്പൽ ഷീറ്റ് നിർമ്മാണം | -- |
| 23 | 69 | പറയൻ കുടി സോമിൽ | 15 |
| 24 | 70 | ഗോൾഡൺ ടിമ്പർ കോർപറേഷൻ | 7 |
| 25 | 74 | സ്റ്റാർ വുഡ് ഇൻസ്ട്രീസ് മുടിയ്ക്കൽ | 5 |
| 26 | 76 | വി.എ.കെ ഗ്രാനൈറ്റ്സ് | -- |
| 27 | 81 | പ്ലൈവുഡ് നിർമ്മാണം | -- |
| 28 | 82 | ഫൈൻ വുഡ് ഇനഡസ്ട്രീസ് | 9 |
| 29 | 84 | മുന്ന എം സാന്റ് ഹൊഫിർ ഹോളോ ബ്രിക്സ് | 7 |
| 30 | 87 | മെസ്സേർസ് ന്യൂ സ്റ്റാർ വെനീർസ് | 6 |
| 31 | 89 | മെസ്സേർസ് മാറംപിള്ളി പ്ലൈവുഡ് ഇൻഡസ്ട്രീസ് | 8 |
| 32 | 88 | എം.കെ.വുഡ് പ്രൊഡക്ട്സ് | 5 |
| 33 | 90 | മെസ്സേർസ് സൺറൈസ് പ്ലൈവുഡ് | 5 |
| 34 | 96 | വുഡ് ഇൻഡസ്ട്രി | -- |
| 35 | 98 | നിസാർ മെറ്റൽസ് | 3 |
| 36 | 103 | പ്രേംകോ മെറ്റൽ ഇൻഡസ്ട്രീസ് | 6 |
| 37 | 108 | മെസ്സേർസ് വെസ്റ്റേൺ പ്ലൈ ബോർഡ്സ് | 21 |
| 38 | 111 | എസ്.എസ്.വുഡ് ഇൻഡസ്ട്രീസ് | 7 |
| 39 | 113 | എൻഡാറ പെട്രോളിയം | -- |
| 40 | 114 | കണ്ടംകുളത്തി ആയൂർ സൌഖ്യം | 7 |

| | | | |
|---|---|---|---|
| 41 | 116 | പ്ലൈവുഡ് ബ്ലാക്ക് ബോർഡ് നിർമ്മാണം | -- |
| 42 | 117 | അജാസ് വുഡ് പ്രൊഡകൂസ് | 4 |
| 43 | 118 | വെനീർ നിർമ്മാണം | -- |
| 44 | 121 | മെസ്സേർസ് സോളാർ പ്രോഡക്ട്സ് | 6 |
| 45 | 126 | ചന്ദ്രിക പ്ലൈവുഡ്സ് | 20 |
| 46 | 129 | സ്റ്റാർ ഹൈടെക് സ്റ്റോക്ക് | 5 |
| 47 | 130 | ന്യൂ അക്ബർ സോമിൽ | 10 |
| 48 | 131 | പൌർണ്ണമി വുഡ് ഇൻഡസ്ട്രീസ് | 7 |
| 49 | 132 | കർട്ടൺ ബോക്സ് നിർമ്മാണം | -- |
| 50 | 133 | വെനീർ നിർമ്മാണം | -- |
| 51 | 134 | ഹിന്റോനിയ പ്ലാസ്റ്റിക്സ്. | 3 |
| 52 | 137 | പാക്കേജിങ്ങ് കേസ് നിർമ്മാണം | -- |
| 53 | 143 | റോസ് കിച്ചണേർസ് | 25 |
| 54 | 155 | ഇടയനാൽ അൽമദീന ഗ്രാനൈറ്റ് | 2 |
| 55 | 174 | ബ്രദേർസ് പാക്കേജിങ്ങ് | - |
| 56 | 175 | പഴങ്ങാടി ഓയിൽ ഇൻഡസ്ട്രീസ് | 9 |
| 57 | 176 | പഴങ്ങാടി മിർസ & ഇൻഡസ്ട്രീസ് | 3 |
| 58 | 177 | ബ്രദേർസ് ഓയിൽ മിൽ | 4 |
| 59 | 200 | ഹോട്ടൽ വി.ഡെ. ഇൻ | 13 |
| 60 | 201 | ഫാത്തിമ വുഡ് ഇൻഡസ്ട്രീസ് | 9 |
| 61 | 209 | പി & ബി ഇൻഡസ്ട്രീസ് | 8 |
| 62 | 235 | ഫാബി അസ്സോസിയേറ്റ്സ് | 92 |
| 63 | 234 | കടവിൽ മെക്കാനിക്കൽ ഇൻഡസ്ട്രീസ് | 13 |
| 64 | 236 | കടവിൽ മെക്കാനിക്കൽ ഇക്യുപ്മെന്റ്സ് | 9 |
| 65 | 252 | എം.കെ.കെ. ഇൻഡസ്ട്രീസ് | 6 |
| 66 | 266 | പ്ലൈവുഡ് നിർമ്മാണം | -- |
| 67 | 268 | എ.എം. വെനീർസ് | 5 |
| 68 | 269 | ബ്രദേർസ് ടിമ്പർ ഇൻഡസ്ട്രീസ് | 3 |
| 69 | 272 | പീലിങ്ങ് യൂണിറ്റ് | -- |
| 70 | 273 | വിനീർ യൂണിറ്റ് | -- |

| | | | |
|---|---|---|---|
| 71 | 274 | പ്ലാസ്റ്റിക് ഗ്രൈൻഡിങ്ങ് യൂണിറ്റ് | -- |
| 72 | 288 | ക്രഷർ | -- |
| 73 | 321 | പ്ലൈവുഡ് യൂണിറ്റ് | -- |
| 74 | 333 | വിനീർ യൂണിറ്റ് | -- |
| 75 | 346 | ഐഷ ഇൻഡസ്ട്രീസ് | 4 |
| 76 | 349 | ഗോൽഡ് വുഡ് ഇൻഡസ്ട്രീസ് | -- |
| 77 | 350 | പാർലെ ബിസ്കറ്റ് (പി) ലിമിറ്റഡ് | 7 |
| 78 | 351 | പാർലെ പ്രോഡക്ട്സ് | 7 |
| 79 | 352 | ആമി ടിമ്പേർസ് | 7 |
| 80 | 359 | വിനീർ പ്ലൈവുഡ് യൂണിറ്റ് | -- |
| 81 | 364 | ക്രഷർ | -- |
| 82 | 370 | ക്വാറി | -- |
| 83 | 382 | മുത്തേടം വിന്നേഴ്സ് & ഇൻഡസ്ട്രീസ് | 9 |
| 84 | 387 | പിവിസി ഐറ്റം നിർമ്മാണം | -- |
| 85 | 396 | മറിയം ഗ്രാനൈറ്റസ് | 4 |
| 86 | 426 | സജറ എം സാൻഡ് & ക്രഷർ | 4 |
| 87 | 428 | യു.കെ. ഗ്രാനൈറ്റ്സ് | 5 |
| 88 | 430 | ചക്കാലയ്ക്കൽ വുഡ് ഇൻഡസ്ട്രീസ് | 5 |
| 89 | 432 | എം സാൻഡ് നിർമ്മാണം | -- |
| 90 | 449 | ക്രഷർ | -- |
| 91 | 453 | പ്രീമിയർ വിനീർസ് | 5 |
| 92 | 455 | പ്രീമിയർ ടിമ്പർ സപ്ലൈസ് | -- |
| 93 | 459 | ഏഷ്യൻ ബോർഡ് & വെനീർ | 6 |
| 94 | 460 | റസീയ ടിമ്പർ | 6 |
| 95 | 481 | അയാസ് ഗ്രാനൈറ്റ് | -- |
| 96 | 500 | അരുണ ഇൻഡസ്ട്രീസ് | 8 |
| 97 | 501 | എവർഷൈൻ പ്ലാസ്റ്റിക്സ് | 10 |
| 98 | 506 | ചേലപ്പിള്ളി വിനീർസ് | 5 |
| 99 | 509 | റോളക്സ് – ബോർഡ്സ് | 10 |
| 100 | 511 | വഞ്ചിനാട് പ്ലൈവുഡ് | 6 |
| 101 | 564 | പ്ലാസ്റ്റിക് ടാങ്ക് നിർമ്മാണം | -- |
| 102 | 605 | സുരഭി ഇൻഡസ്ട്രീസ് | -- |
| 103 | 644 | നവോദയ ഗ്രാനൈറ്റ് | -- |
| 104 | 666 | സൂര്യ പ്ലൈവുഡ് | -- |
| 105 | 670 | അറഫ വുഡ് പ്രൊഡക്ടസ് | -- |

| | | | |
|---|---|---|---|
| 106 | 681 | എ.കെ.പി. ഗ്രാനൈറ്റ് | -- |
| 107 | 711 | ന്യൂഗ്ലോബൽ പ്ലൈവുഡ് | -- |
| 108 | 723 | നളന്ദ ഇൻഡസ്ട്രീസ് | -- |
| 109 | 724 | ഗോകുൽ എൻജിനീയറിംഗ് വർക്സ് | -- |

ഈ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

6. 2017-18 വർഷത്തെ തൊഴിൽ നികുതി സംബന്ധിച്ച രജിസ്റ്റർ/ ഫയലുകൾ പരിശോധിച്ചതിൽ ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ക്ഷീര സംഘങ്ങളിൽ നിന്നും ജീവനക്കാരുടെ / സ്ഥാപനത്തിന്റെ തൊഴിൽ നികുതി പിരിച്ചിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | അർദ്ധ വർഷം |
|---|---|---|
| 1 | ക്ഷീരോല്പാദക സഹകരണ സംഘം, മഞ്ഞപ്പെട്ടി | 2017-18Full |
| 2 | ക്ഷീരോല്പാദക സഹകരണ സംഘം, മലയിടംതുരുത്ത് | 2017-18Full |
| 3 | ക്ഷീരോല്പാദക സഹകരണ സംഘം, മാറംപിള്ളി | 2017-18Full |
| 4 | ക്ഷീരോല്പാദക സഹകരണ സംഘം, സൗത്ത് ഏഴിപ്രം | 2017-18Full |
| 5 | ക്ഷീരോല്പാദക സഹകരണ സംഘം, സൗത്ത്, വാഴക്കുളം | 2017-18Full |

ഈ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതിയും സ്ഥാപന തൊഴിൽ നികുതിയും ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

(7) ഡി & ഒ ലൈസൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തിയതു പ്രകാരം 2017 -18-ൽ സ്ഥാപന തൊഴിൽ നികുതി അടച്ച സ്ഥാപനങ്ങളുടെ എണ്ണത്തിൽ ഗണ്യമായ വർദ്ധന ഉണ്ടായിട്ടുണ്ടെങ്കിലും വരുമാനത്തിൽ ആനുപാതികമായ വർദ്ധന ഉണ്ടായിട്ടില്ല.

| | 2017-18 | 2016-17 | എണ്ണത്തിലുള്ള വർദ്ധന | വരുമാനത്തിലുള്ള വർദ്ധന |
|---|---|---|---|---|
| ഡി & ഒ ലൈസൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തിയതു പ്രകാരം സ്ഥാപന തൊഴിൽ നികുതി അടച്ച സ്ഥാപനങ്ങളുടെഎണ്ണം | 727 | 531 | 196 | |
| സ്ഥാപന തൊഴിൽ നികുതി | 878760 | 812965 | - | 65795 |

.
. മുൻവർഷത്തിൽ സ്ഥാപന തൊഴിൽ നികുതി അടക്കാത്ത ധാരാളം സ്ഥാപനങ്ങൾ പ്രവർത്തിച്ചിരുന്നതായും 2017-18 -ൽ ഓരോ സ്ഥാപനങ്ങളിൽ നിന്നും ഈടാക്കിയ സ്ഥാപന തൊഴിൽ നികുതിയിൽ ആനുപാതികമായ വർദ്ധന ഉണ്ടായിട്ടില്ല എന്നും ഇത് വ്യക്തമാക്കുന്നു. ഈ വിഷയത്തിൽ അന്വേഷണം നടത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

8. 2016-17 ലെ ധനകാര്യ പത്രിക പ്രകാരം Receivables for Professional tax traders(arears) അക്കൌണ്ട് ഹെഡ് -431190102 -ൽ മുൻവർഷ കുടിശ്ശിക ലഭിക്കാനുള്ളതായി രേഖപ്പെടുത്തിയിട്ടില്ല എങ്കിലും 2017 -18-ൽ Receivables for Professional tax traders(arears) അക്കൌണ്ട് ഹെഡ് -431190102 -ൽ 44590/- വരവ് ഉണ്ടായിട്ടുണ്ട്. അക്രുവൽ വരവായ Professional tax traders വരവ് രേഖപ്പെടുത്തുന്നതിന് കൃത്യമായ രജിസ്റ്ററുകൾ സൂക്ഷിക്കാത്തതു മൂലം അക്കൌണ്ടിന്റെ കൃത്യത ഉറപ്പുവരുത്തുന്നതിനോ, കുടിശ്ശിക വരവിന്റെ

കൃത്യത ഉറപ്പുവരുത്തുന്നതിനോ, മുൻവർഷത്തിൽ സ്ഥാപന തൊഴിൽ നികുതി അടക്കാത്ത എല്ലാ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടോ എന്ന് പരിശോധിയ്ക്കുന്നതിനോ സാധിയ്ക്കുന്നില്ല .

മേൽ വസ്തുതകളിൽ നിന്നും വാഴക്കുളം ഗ്രാമ പഞ്ചായത്തിൽ തൊഴിൽ നികുതി പിരിവ് കാര്യക്ഷമമായിട്ടല്ല നടക്കുന്നത് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ഈ വിഷയത്തിൽ ഭരണസമിതി ശ്രദ്ധ ചെലുത്തേണ്ടതും നികുതി പിരിവും ആഭ്യന്തരനിയന്ത്രണവും കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ആയതിനായി സ്ഥലപരിശോധന നടത്തി പഞ്ചായത്ത് പരിധിയിൽ പ്രവർത്തിയ്ക്കുന്ന എല്ലാ സ്ഥാപനങ്ങളുടെയും വാർഡ് തിരിച്ചുള്ള ലിസ്റ്റ് തയ്യാറാക്കേണ്ടതും ലിസ്റ്റ് പരിശോധനയ്ക്കായി ഹാജരാക്കേണ്ടതുമാണ്.

## 2-5 ഡി & ഒ ലൈസൻസ് ഫീ -അപാകതകൾ

1) പഞ്ചായത്ത് പരിധിയിൽ പ്രവർത്തിയ്ക്കുന്ന എല്ലാ സ്ഥാപനങ്ങളുടെയും ലിസ്റ്റ് തയ്യാറാക്കി അതു പ്രകാരം ഡി & ഒ ലൈസൻസ് രജിസ്റ്റർ എഴുതി സൂക്ഷിയ്ക്കുന്നില്ല. സാംഖ്യാ അക്കൗണ്ട് പ്രകാരം ഡി & ഒ ലൈസൻസ് ഫീ അടവാക്കിയ സ്ഥാപനങ്ങളെ മാത്രം ചേർത്ത് രജിസ്റ്റർ എഴുതി തയ്യാറാക്കുന്നതിനാൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിയ്ക്കുന്ന എല്ലാ സ്ഥാപനങ്ങളും ഡി & ഒ ലൈസൻസ് എടുത്തിട്ടുണ്ടോ എന്ന് ഉറപ്പാക്കാനായിട്ടില്ല. എല്ലാ വർഷവും പുതിയ സ്ഥാപനങ്ങളെ ഉൾപ്പെടുത്തി വാർഡ് തിരിച്ച് ട്രേഡേഴ്സ് ലിസ്റ്റ് പുതുക്കേണ്ടതും ഈ ലിസ്റ്റ് പ്രകാരം രജിസ്റ്റർ എഴുതി ഡി.സി.ബി. പത്രിക തയ്യാറാക്കേണ്ടതാണ്.

(2)ഡി & ഒ ലൈസൻസ് രജിസ്റ്ററിൽ റസീപ്റ്റ് നമ്പരും തീയതിയും കൃത്യമായി രേഖപ്പെടുത്തേണ്ടതും രജിസ്റ്ററിൽ രേഖപ്പെടുത്തിയ ഡി & ഒ ലൈസൻസ് ഫീ, സ്ഥാപന തൊഴിൽ നികുതി എന്നിവ കൃത്യമായി അടച്ചിട്ടുണ്ട് എന്ന് ഉറപ്പുവരുത്തി രജിസ്റ്റർ പ്രകാരമുള്ള വരവും സാംഖ്യാ അക്കൗണ്ട് പ്രകാരമുള്ള വരവും റികൺസൈൽ ചെയ്യേണ്ടതാണ്.

(3) എല്ലാ ഡി & ഒ ലൈസൻസ് അപേക്ഷകളിലും ആവശ്യമായ എല്ലാ വിവരങ്ങളും ചേർക്കുന്നുണ്ടെന്നും സ്ഥാപനത്തിലെ ജോലിക്കാരുടെ എണ്ണം, ദിവസ വരുമാനം/യന്ത്രസാമഗ്രികളുടെ കുതിര ശക്തി എന്നിവയുടെ സാധുത ഉറപ്പാക്കി ആയതിന്റെ അടിസ്ഥാനത്തിൽ അന്വേഷണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ട് പ്രകാരമാണ് ലൈസൻസ് ഫീ ഈടാക്കുന്നത് എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

(4) ഡി & ഒ ലൈസൻസ് രജിസ്റ്റർ പ്രകാരം 2017-18 വർഷം ഡി & ഒ ലൈസൻസ് എടുത്ത സ്ഥാപനങ്ങളുടെ എണ്ണത്തിൽ ഗണ്യമായ വർദ്ധന ഉണ്ടായിട്ടുണ്ടെങ്കിലും വരുമാനത്തിൽ കുറവാണ് ഉണ്ടായിരിക്കുന്നത്.

| | 2017-18 | 2016-17 | എണ്ണത്തിലുള്ള വർദ്ധന | വരുമാനത്തിലുള്ള കുറവ് |
|---|---|---|---|---|
| ഡി & ഒ ലൈസൻസ് എണ്ണം | 727 | 531 | 196 | |
| ഡി & ഒ ലൈസൻസ് ഫീ | 649150 | 684800 | - | 35650 |

മുൻവർഷത്തിൽ ഡി & ഒ ലൈസൻസ് എടുക്കാതെ ധാരാളം സ്ഥാപനങ്ങൾ പ്രവർത്തിച്ചിരുന്നതായും 2017-18 -ൽ ഓരോ സ്ഥാപനങ്ങളിൽ നിന്നും ഈടാക്കിയ ഡി & ഒ ലൈസൻസ് ഫീയിൽ ഗണ്യമായ കുറവുള്ളതുമായി ഇത് വ്യക്തമാക്കുന്നു. സ്ഥാപനലിസ്റ്റു പ്രകാരം കൃത്യമായ രജിസ്റ്ററുകൾ

സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വിശദമായ പരിശോധന നടത്താനായിട്ടില്ല. ഈ വിഷയത്തിൽ ഭരണവകുപ്പിന്റെയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുകയും വിശദമായ അന്വേഷണം നടത്തി വിവരം ഓഡിറ്റിനെ അറിയിക്കുന്നതിനും നിർദ്ദേശിയ്ക്കുന്നു.

5. 2017-18 വർഷത്തെ ഡി & ഒ ലൈസൻസ് സംബന്ധിച്ച ഫയലുകൾ പരിശോധിച്ചതിൽ ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയതായി കാണുന്നില്ല. കെട്ടിടങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നം. |
|---|---|
| 1 | VII/713 -B |
| 2 | VII/713 -C |
| 3 | VII/713 -H |
| 4 | VIII/509 -A |
| 5 | VII/721 -A |

ഗ്രാമ പഞ്ചായത്ത് വക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് പിരിക്കാത്തത് ഓഡിറ്റ് ഗൗരവമായി കാണുന്നു. ഗ്രാമപഞ്ചായത്തിന്റെ സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് പോലും ലൈസൻസില്ല എന്നതിൽ നിന്നും ഗ്രാമപഞ്ചായത്തിൽ അനേകം വാണിജ്യ/വ്യവസായ സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു എന്ന് വ്യക്തമാകുന്നു. ഈ സ്ഥാപനങ്ങൾ ഡി & ഒ ലൈസൻസ് എടുക്കുന്നു എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

6. സാംഖ്യാ അക്കൗണ്ട് പ്രകാരം receivables for D&O(arears) അക്കൌണ്ട് ഹെഡ് -431300102 -ൽ 11510/- വരവുണ്ടെങ്കിലും അത് receivables for D&O(current) ലേക്ക് മാറ്റുകയും ധനകാര്യ പത്രിക പ്രകാരം കുടിശ്ശിക വരവ് ഇല്ലാത്തതുമാണ്. അക്രൂവൽ വരവായ ഡി & ഒ ലൈസൻസ് ഫീ ക്യാഷ് അടിസ്ഥാന വരവായി കണക്കാക്കി രേഖപ്പെടുത്തുന്നത് മൂലം വരവിന്റെ കൃത്യത ഉറപ്പുവരുത്തുന്നില്ല.സ്ഥാപനലിസ്റ്റ തയ്യാറാക്കി അതുപ്രകാരമുള്ള സ്ഥാപനങ്ങളിൽ ലൈസൻസിന് അപേക്ഷിയ്ക്കാത്ത സ്ഥാപനങ്ങൾക്ക് സമയബന്ധിതമായി നോട്ടീസ് നൽകാത്തതു മൂലം പ്രവർത്തനം നടത്തുന്ന സ്ഥാപനങ്ങളിൽനിന്ന് തൻവർഷ അപേക്ഷയോടൊപ്പം മുൻവർഷത്തെ കുടിശ്ശിക ഈടാക്കി കാണുന്നു. കുടിശ്ശിക രജിസ്റ്റർ കൃത്യമായി സൂക്ഷിയ്ക്കേണ്ടതും വരവ് കൃത്യമായി രേഖപ്പെടുത്തേണ്ടതുമാണ്.

7. ഡി & ഒ ലൈസൻസ് രജിസ്റ്റർ സൂക്ഷിയ്ക്കുന്നതിലും വരവ് രേഖപ്പെടുത്തുന്നതിലും സാരമായ അപാകതകൾ ഉള്ളതായി ഓഡിറ്റ് വിലയിരുത്തുന്നു. പഞ്ചായത്ത് പരിധിയിൽ ഡി & ഒ ലൈസൻസ് എടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിയ്ക്കുന്നത് നിയമങ്ങൾക്കും ചട്ടങ്ങൾക്കും എതിരാണ്. നിയമാനുസൃതമായി പഞ്ചായത്തിന് ലഭ്യമാകേണ്ട വരുമാനത്തിലും കുറവുണ്ടാകുന്നു. ഇക്കാര്യത്തിൽ ധനകാര്യ സ്റ്റാൻഡിങ്ങ് കമ്മിറ്റിയും ഭരണസമിതിയും പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതും അപാകതകൾ പരിഹരിക്കുന്നതിന് മുൻകൈ എടുക്കേണ്ടതും പഞ്ചായത്ത് പരിധിയിൽ പ്രവർത്തിയ്ക്കുന്ന എല്ലാ സ്ഥാപനങ്ങളും ഡി & ഒ ലൈസൻസ് എടുക്കുന്നു എന്ന് ഉറപ്പു വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ആയതിനായി സ്ഥലപരിശോധന നടത്തി പഞ്ചായത്ത് പരിധിയിൽ പ്രവർത്തിയ്ക്കുന്ന എല്ലാ സ്ഥാപനങ്ങളുടെയും വാർഡ് തിരിച്ചുള്ള ലിസ്റ്റ് തയ്യാറാക്കേണ്ടതും പരിശോധനയ്ക്കായി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 2-6 <u>വാടക-അപാകതകൾ</u>

2017-18 വർഷത്തെ വാടക വരവ് പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. വാടക രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിയ്ക്കുകയോ രജിസ്റ്റർ പ്രകാരമുള്ള വരവ് അക്കൗണ്ട് പ്രകാരമുള്ള വരവുമായി റീകൺസൈൽ ചെയ്ത് സൂക്ഷിയ്ക്കുകയോ ചെയ്യുന്നില്ല.കൃത്യമായ റീകൺസൈൽ സ്റ്റേറ്റ്മെന്റ് തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

2. കുടിശ്ശിക വാടക രജിസ്റ്റർ തയ്യാറാക്കി സൂക്ഷിയ്ക്കുകയോ, കുടിശ്ശിക വാടക വരവുകൾ കൃത്യമായി

രേഖപ്പെടുത്തുകയോ അക്കൗണ്ട് പ്രകാരമുള്ള വരവുമായി റീകൺസൈൽ ചെയ്ത് സൂക്ഷിയ്ക്കുകയോ ചെയ്യുന്നില്ല. കുടിശ്ശിക വാടക രജിസ്റ്റർ തയ്യാറാക്കി പരിശോധനക്കായി നൽകേണ്ടതാണ്.

3. 2017-18 വർഷം താഴെ ചേർത്ത വാടക കെട്ടിടങ്ങളുടെ വാടക നിർത്തലാക്കി സെക്യൂരിറ്റി ഡിപ്പോസിറ്റ് തിരികെ നൽകിയിട്ടുണ്ട്. എന്നാൽ മുറികൾ വീണ്ടും ലേലം വിളിച്ച് കരാറിൽ ഏർപ്പെടുന്നതിനു താമസം ഉണ്ടായിട്ടുള്ളതായി കാണുന്നു.

| ക്രമ നം | കെട്ടിട നം | പേര് | തുക | മുറി ഒഴിവായത് | തുടർന്ന് വാടകയ്ക്ക് നല്കിയ മാസം |
|---|---|---|---|---|---|
| 1 | 713-B | ഹൈഡ്രോസ് | 19164 | 11/2016 | 6/2017 |
| 2 | 713-C | സന്തോഷ് കെ സി | 19634 | 01/2017 | 7/2017 |
| 3 | 713-D | പാത്തുകുഞ്ഞ് | 10950 | 03/2017 | ഒഴിഞ്ഞു കിടക്കുന്നു |
| 4 | 713-F | മാഹിൻകുട്ടി | 65700 | 09/2017 | ഒഴിഞ്ഞു കിടക്കുന്നു |
| 5 | 713-G | ഹൈഡ്രോസ് | 65700 | 03/2017 | ഒഴിഞ്ഞു കിടക്കുന്നു |
| 6 | 713-H | ശിവരാമൻ | 19163 | 09/2017 | 2/2018 |

വാടകമുറികൾ തുടർന്ന് വാടകയ്ക്ക് നല്കിയതിനുണ്ടായ കാലതാമസത്തിനും 3 മുറികൾ ഒഴിഞ്ഞു കിടക്കുന്നതിനും തൃപ്തികരമായ വിശദീകരണം നൽകിയില്ല. കരാർ കാലാവധി തീരുന്ന മുറയ്ക്ക് കരാർ പുതുക്കുന്നതിനോ പുതുതായി ലേലം വിളിച്ച് കരാർ ഏൽപിയ്ക്കുന്നതിനോ ഉത്തരവാദപ്പെട്ടവർ ശ്രദ്ധിയ്ക്കുന്നില്ല. ആയതിനാൽ മുറികൾ ഒഴിഞ്ഞു കിടക്കുകയും പഞ്ചായത്തിന് സമ്പത്തിക നഷ്ടം ഉണ്ടാകുകയും ചെയ്യുന്നു.
4. മുറികൾ വാടകയ്ക്കുനൽകുമ്പോൾ വാടകയിൽ നിയമാനുസൃതമായി വരുത്തേണ്ട ഏറ്റവും കുറഞ്ഞ 5% വാർഷിക വർദ്ധനവ് വരുത്തുന്നില്ല. 2013-14 മുതൽ 2017-18വരെ വാർഷിക വർദ്ധനവ് വരുത്താതെയാണ് വാടക ഈടാക്കിയിരിക്കുന്നത്. ഇത്തരത്തിൽ പഞ്ചായത്തിന് സമ്പത്തിക നഷ്ടം ഉണ്ടാകുന്നു.
5. വാടകയോടൊപ്പം നിയമാനുസൃതമായി ഈടാക്കേണ്ട ജി എസ് ടി. ഈടാക്കുന്നില്ല. ഇത്തരത്തിൽ ഗവൺമെന്റിന് വരുമാന നഷ്ടം ഉണ്ടായിട്ടുള്ളതാണ്.
ഇതുമായി ബന്ധപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി നം 8 ന് തൃപ്തികരമായ മറുപടി ലഭ്യമായില്ല.മേൽ വസ്തുതകളിൽ നിന്നും വാഴക്കുളം ഗ്രാമ പഞ്ചായത്തിൽ വാടകപിരിവ് കാര്യക്ഷമമായിട്ടല്ല നടക്കുന്നത് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ഈ വിഷയത്തിൽ ഭരണസമിതി ശ്രദ്ധ ചെലുത്തേണ്ടതും നികുതി പിരിവും ആഭ്യന്തരനിയന്ത്രണവും കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും വരുമാന നഷ്ടം ഉണ്ടാകുന്നില്ല എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

## 2-7 ജി എസ് റ്റി ഈടാക്കാത്തതു സംബന്ധിച്ച്

1. 2017-18 വർഷം പഴയ അങ്കണവാടി കെട്ടിടങ്ങളും സ്കൂൾ കെട്ടിടം പെളിച്ച് വിറ്റ വകയിലുമായി 224072/-രൂപയുടെ വരവ് ഉണ്ടിയിട്ടുണ്ട്. എന്നാൽ ഫയലുകൾ പരിശോധിച്ചതിൽ കെട്ടിടം പൊളിച്ച് വിൽപന നടത്തുമ്പോൾ ഈടാക്കേണ്ട ജി എസ് റ്റി ഇതോടൊപ്പം ഈടാക്കിയതായി കാണുന്നില്ല.
2. പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഓഡിറ്റോറിയം വാടകയ്ക്ക് നല്കിയതിനോടൊപ്പം ഈടാക്കേണ്ട ജി എസ് റ്റി ഈടാക്കിയിട്ടില്ല. ഈ ഇനത്തിൽ 2017-18 വർഷം 717000/- രൂപയുടെ വരവ് ഉണ്ടിയിട്ടുണ്ട്.
3. പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ വാടകയ്ക്ക് നൽകുമ്പോൾ ഈടാക്കേണ്ട ജി എസ് റ്റി ഈടാക്കിയതായി കാണുന്നില്ല.

4. ഇതുമായി ബന്ധപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറി നം 15 ന് നല്കിയ മറുപടിയിൽ ജി എസ് റ്റി ഈടാക്കുന്നതുമായി ബന്ധപ്പെട്ട് വ്യക്തത ഇല്ലാതിരുന്നതിനാൽ ജി എസ് റ്റി റജിസ്ട്രേഷൻ എടുക്കുന്നതിനും താമസമുണ്ടായതിനാൽ ജിഎസ് റ്റി ഈടാക്കാൻ സാധിച്ചില്ല എന്നും 1-4-2018 മുതൽ ജി എസ് റ്റി ഈടാക്കുന്നുണ്ട് എന്ന് അറിയിച്ചു. നിയമാനുസൃതമായ ജി എസ് റ്റി ഈടാക്കി ഗവൺമെന്റിൽ അടവാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഡെപ്പോസിറ്റ് വർക്ക്- കേരള വാട്ടർ അതോറിറ്റി-സെന്റേജ് ചാർജ് അധികം നൽകി

പദ്ധതി നം. : S0008/18 (കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ)

എസ്റ്റിമേറ്റ് : 430000/-രൂപ (12.5.% സെന്റേജ് ചാർജ് ഉൾപ്പെടെ)

നൽകിയ തുക :430000/-രൂപ (67009882134 എന്ന അക്കൗണ്ടിലേക്ക് 15.11.17 ന് ട്രാൻസ്ഫർ)

കേരള പി.ഡബ്ലിയു.ഡി. മാന്വൽ കേരള വാട്ടർ അതോറിറ്റിക്കും ബാധകമാണ്. എസ്റ്റിമേറ്റിന്റെ 10% സൂപ്പർ വിഷൻ ചാർജ്ജും, എസ്റ്റിമേറ്റ്, പ്ലാൻ എന്നിവയും ചേർത്ത് ആകെ 12.5% സെന്റേജ് ചാർജായി ഈടാക്കാമെങ്കിലും പി.ഡബ്ലിയു.ഡി. മാന്വൽ 1601.4 പ്രകാരം എസ്റ്റിമേറ്റ്, പ്ലാൻ എന്നിവ തയ്യാറാക്കുന്നതിനുള്ള സെന്റേജ് ചാർജായ 2.5% തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ഈടാക്കുവാൻ പാടുള്ളതല്ല. പ്രോജക്ടിന്റെ വർക്കിംഗ് ചാർജ്ജായ 306323 രൂപയും മെറ്റീരിയൽ കോസ്റ്റായ 73063 രൂപയും ചേർന്ന 379386/- രൂപയുടെ 10% ആയ 37939 രൂപ സെന്റേജ് ചാർജായി നല്കാവുന്നതാണ്. മേൽ പ്രോജക്ടിന് 12.5% സെന്റേജ് ചാർജിനത്തിൽ 47423/- രൂപ നല്കിയിട്ടുണ്ട്. തന്മൂലം പഞ്ചായത്തിന് 9,484/- രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. പ്രസ്തുത തുക കേരള വാട്ടർ അതോറിട്ടിയിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

## 3-2 പൊതു വാട്ടർ ടാപ്പുകൾ സംബന്ധിച്ച്

ഗ്രാമ പഞ്ചായത്ത് പരിധിയിൽ 2017-18 സാമ്പത്തിക വർഷം 597 പൊതു വാട്ടർ ടാപ്പുകൾക്കായി പ്രതിവർഷം 5250/-രൂപ നിരക്കിൽ പ്രതിമാസ വാട്ടർ ചാർജിനത്തിൽ 261188/- രൂപ കേരള വാട്ടർ അതോറിട്ടിയിൽ അടവാക്കിവരുന്നുണ്ട്. പെരിയാറിന്റെ തീരത്ത് സ്ഥിതി ചെയ്യുന്നതിനാൽ പൊതുവെ ജല സമൃദ്ധമാണ് ഈ പ്രദേശം. ആയതിനാൽ പൊതു ടാപ്പുകളുടെ എണ്ണം വാട്ടർ അതോറിട്ടിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി വാർഡ് തിരിച്ച് കണക്കാക്കേണ്ടതും ആവശ്യമില്ലാത്തവയും ഉപയോഗശൂന്യമായവയും ആയവ നീക്കംചെയ്ത് വാട്ടർ ചാർജിനത്തിലെ ചെലവ് നിയന്ത്രിക്കുവാൻ നടപടിയെടുക്കേണ്ടതുമാണ്.

.

## 3-3 വെറ്ററിനറി സർജൻ നടപ്പിലാക്കിയ പ്രോജക്ടുകളുടെ ഫയലുകൾ ലഭ്യമല്ല.

വെറ്ററിനറി സർജൻ നടപ്പിലാക്കിയ പ്രോജക്ടുകളുടെ വിവരം

| പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | അടങ്കൽ | ചെലവ് | ചെലവ് % |
|---|---|---|---|---|
| 22/18 | പശു വളർത്തൽ | 11,00,000 | 5,00,000 | 45.46 |

| | | | | |
|---|---|---|---|---|
| 25/18 | മുട്ടക്കോഴി വിതരണം | 3,06,000 | 3,06,000 | 100 |
| 29/18 | ആട് വളർത്തൽ | 4,34,000 | 2,17,000 | 50 |
| 33/18 | കന്നുകുട്ടി പരിപാലന പദ്ധതി | 11,25,000 | 2,81,250 | 25 |
| 39/18 | മുട്ടക്കോഴി വിതരണം(എസ്സ്.സി) | 45,000 | 45,000 | 100 |
| 42/18 | കാലിത്തീറ്റ വിതരണ പദ്ധതി | 3,39,570 | 3,39,570 | 100 |
| 45/18 | വന്ധ്യത നിവാരണ പദ്ധതി | 50,000 | 50,000 | 100 |
| 48/18 | പേവിഷ നിയന്ത്രണം | 10,000 | 10,000 | 100 |
| 50/18 | മൃഗാശുപത്രി ഉപകരണങ്ങൽ വാങ്ങൽ | 30,000 | 30,000 | 100 |
| 52/18 | മൃഗാശുപത്രിക്ക് മരുന്ന് വാങ്ങൽ | 1,50,000 | 1,50,000 | 100 |
| 96/18 | പശു വളർത്തൽ (SO) | 7,50,000 | 90,000 | 12 |
| 97/18 | മുട്ടക്കോഴി വളർത്തൽ (SO) | 1,17,500 | 35,500 | 30.21 |
| ആകെ | | 44,57,070 | 20,54,320 | 46.09 |

മേൽപ്രകാരം നടപ്പിലാക്കിയ പ്രോജക്ടുകളുടെ ചെലവിന്റെ വിശദാംശങ്ങളും ബന്ധപ്പെട്ട ഫയലുകളും ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. 2018 ആഗസ്റ്റ് മാസത്തിൽ ഉണ്ടായ മഹാ പ്രളയത്തിൽ മൃഗാശുപത്രി മുങ്ങിപ്പോയതിനാൽ എല്ലാ രേഖകളും വീണ്ടെടുക്കുവാൻ പറ്റാത്തവിധം നശിച്ചുപോയിട്ടുള്ളതായി നിർവഹണ ഉദ്യോഗസ്ഥനായ വെറ്റിനറി സർജൻ അറിയിച്ചിട്ടുണ്ട്. പ്രോജക്ടുകളുടെ ഫയലുകൾ ലഭ്യമല്ലാത്തതിനാൽ ആയവ ഓഡിറ്റ് ചെയ്യാൻ സാധിച്ചിട്ടില്ലാത്തതാണ്.

## 3-4 തെരുവുവിളക്കുകളുടെ കറണ്ട് ചാർജ്ജ്

2017-18 വർഷത്തെ വൗച്ചറുകൾ പരിശോധിച്ചതിൽ നിലവിൽ പ്രതിമാസം 273648/- രൂപ തെരുവുവിളക്കുകളുടെ കറണ്ട് ചാർജ്ജ് ഇനത്തിൽ പഞ്ചായത്ത് കെ.എസ്.ഇ.ബി.യിൽ അടക്കുന്നുണ്ട്. പഞ്ചായത്തിലെ ഫയലുകൾ/രജിസ്റ്ററുകൾ പരിശോധിച്ചതിൽ തെരുവ് വിളക്ക് സംബന്ധിച്ച കൃത്യമായ സ്ഥിതിവിവര കണക്ക് സൂക്ഷിച്ചിട്ടില്ല. ഗ്രാമപഞ്ചായത്തിൽ ആകെ 20 വാർഡുകളാണ് ഉള്ളത് . നിലവിൽ പ്രവർത്തനക്ഷമമല്ലാത്ത തെരുവു വിളക്കുകളുടെ വിവരം വാർഡ് തലത്തിൽ ശേഖരിച്ച് ഇവ വിച്ഛേദിക്കുവാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും പ്രവർത്തനക്ഷമമല്ലാത്ത തെരുവ് വിളക്കുകളുടെ കറണ്ട് ചാർജ്ജ് അടയ്ക്കുന്നുണ്ടെങ്കിൽ ആയത് പുനഃപരിശോധിക്കേണ്ടതുമാണ്. തെരുവു വിളക്കുകൾ സ്ഥാപിക്കുമ്പോൾ 11-01-2016 ലെ സർക്കാർ ഉത്തരവ് (എം.എസ്.)നം 4/2016 ത.സ്വ.ഭ.വ – 12ാം പദ്ധതി മാർഗ്ഗ രേഖ -സബ്സിഡി പൊതു വിഷയങ്ങൾ ഐറ്റം - 7.9 പ്രകാരം ഊർജ്ജ ക്ഷമതയാർന്നതും മറ്റ് ലാമ്പുകളെ അപേക്ഷിച്ച് വിലക്കുറവുള്ളതും, ആയുസ്സ് കൂടിയതും, പരിസ്ഥിതിക്ക് ഹാനികരമല്ലാത്തതുമായ എൽ.ഇ.ഡി. ലാമ്പുകൾക്ക് മുൻഗണന നൽകേണ്ടതാണ്.

## 3-5 എസ്.സി. വിഭാഗം വിദ്യാർത്ഥികൾക്ക് സൈക്കിളുകൾ നൽകിയത്

പ്രോജക്ട് നം.SO018 /18

പ്രോജക്ടിന്റെ പേര് : പട്ടിക ജാതി വിദ്യാർത്ഥികൾക്ക് സൈക്കിളുകൾ നൽകൽ.

നിർവ്വഹണ ഉദ്യോഗസ്ഥൻ : ഹെഡ് മാസ്റ്റർ.

ട്രഷറി ബിൽ നം. 5/17-18 തീയതി 16.1.2018, 76180/-രൂപ

2017-18 വിദ്യാഭ്യാസ വർഷത്തിൽ പട്ടിക ജാതി വിഭാഗത്തിൽ ഉൾപ്പെടുന്നതും എട്ടാം ക്ലാസിൽ പഠിക്കുന്നതുമായ വിദ്യാർത്ഥികൾക്ക് സൈക്കിൾ നൽകുന്നതിനാണ് പ്രോജക്ട് വിഭാവനം ചെയ്തിരുന്നത്. 10ആൺകുട്ടികൾക്ക് 3744/-രൂപ വിലയുള്ള HERO RANGER NITRO മോഡൽ സൈക്കിളുകളും 10 പെൺകുട്ടികൾക്ക് 3844/-രൂപ HERO MIS INDIA VELVET-26 മോഡൽ സൈക്കിളുകളും നൽകിയിട്ടുണ്ട്. എന്നാൽ 2017-18 വിദ്യാഭ്യാസ വർഷത്തിൽ എട്ടാം ക്ലാസിലെ വിദ്യാർത്ഥികൾ അല്ലാത്തവരും സൈക്കിൾ ലഭിക്കുകയും ചെയ്ത 2ആൺകുട്ടികളുടെയും 5പെൺകുട്ടികളുടെയും വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ.നം. | വിദ്യാർത്ഥിയുടെ പേര് | പഠിക്കുന്നക്ലാസ്സും സ്ഥലം | സൈക്കിളിന്റെ വില |
|---|---|---|---|
| 1 | അമൃതേഷ് ബൈജു | 10th std,ജയകേരളം HSS,പുല്ലുവഴി | 3744 |
| 2 | ജിതിൻ രാജൻ | 10thstd,ശ്രീനാരായണHSS,ഒക്കൽ | 3744 |
| 3 | അശ്വതി പി.പി | 12th std,NIVHSS,മാറമ്പിള്ളി | 3844 |
| 4 | ആരതി.എസ്സ്. | 9thstd,Govt.GHSS,പെരുമ്പാവൂർ | 3844 |
| 5 | മിന്നു.ഇ.എം. | 9thstd,Govt.GHSS,പെരുമ്പാവൂർ | 3844 |
| 6 | അപർണ്ണ.പി.രഘു | 10th std,ക്യൂൻമേരീസ് EMHS,മുടിക്കൽ | 3844 |
| 7 | മഞ്ജു.എം.ആർ | 9thstd,Govt.GHSS,പെരുമ്പാവൂർ | 3844 |
| ആകെ | | | 26,708 |

മേൽപ്രകാരം എട്ടാം ക്ലാസിലെ വിദ്യാർത്ഥികൾ അല്ലാത്തവർക്ക് സൈക്കിളുകൾനൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (N0.4)ലഭിച്ച മറുപടിയിൽ പഞ്ചായത്ത് നൽകിയ വിദ്യാർത്ഥികളുടെ ലിസ്റ്റിൽ 7 പേർ മാത്രമാണ് എട്ടാം ക്ലാസിലെ വിദ്യാർത്ഥികൾ ഉണ്ടായിരുന്നുള്ളു എന്നാണ്. എന്നാൽ സൈക്കിളുകൾ ലഭിച്ച 20 പേരുടെ അപേക്ഷകളും, മറ്റു വിവരങ്ങളും മാത്രമാണ് പരിശോധനക്ക് ലഭ്യമാക്കിയിരുന്നത്. പ്രോജക്ടുകൾ വിഭാവനം ചെയ്ത രീതിയിൽത്തന്നെ നടപ്പിലാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 3-6 മെഡിക്കൽ ഓഫീസർ (ആയുർവേദം)-മരുന്ന് മുഴുവൻ ലഭ്യമായില്ല

മെഡിക്കൽ ഓഫീസർ (ആയുർവേദം) നടപ്പിലാക്കിയ മരുന്ന് വാങ്ങൽ പ്രോജക്ട് (പ്രോജക്ട് നമ്പർ S0 46/2018)പ്രകാരം ഔഷധിയിൽ നിന്നും ഇൻഡന്റ് പ്രകാരം മരുന്നുകൾ വാങ്ങുന്നതിനായി 11/12/2017 ലെ ട്രഷറി ബിൽ നം. 01 പ്രകാരം 300000/- രൂപ നൽകി. എന്നാൽ നാളിതുവരെ 295802/-രൂപയുടെ മരുന്നുകൾ മാത്രമേ ലഭിച്ചിട്ടുള്ളു. ഇതുമായി ബന്ധപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറി നം 6 ന് നല്കിയ മറുപടിയിൽ മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. ബാക്കിയുള്ള 4198/-രൂപയുടെ മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-7 മെഡിക്കൽ ഓഫീസർ (പി എച്ച് സി)-മരുന്നുകൾ മുഴുവൻ ലഭ്യമായില്ല

മെഡിക്കൽ ഓഫീസർ (പി എച്ച് സി) നിർവ്വഹണം നടത്തിയ മരുന്ന് വാങ്ങൽ പ്രോജക്ട് പ്രകാരം (പ്രോജക്ട് നമ്പർ S0 69/2018)കാരുണ്യയിൽ നിന്നും ഇൻഡന്റ് പ്രകാരം മരുന്നുകൾ വാങ്ങുന്നതിനായി 21/11/2017 ലെ ട്രഷറി ബിൽ നം. 04/2017-18 പ്രകാരം 210011/- രൂപയും 21/12/2017 ലെ ട്രഷറിബിൽ നം. 07/2017-18 പ്രകാരം 289989/- രൂപയും കൂടി മൊത്തം 500000/-നൽകി. ഇതിൽ രണ്ടാമത്തെ ബിൽ പ്രകാരം നൽകിയ 289989/-രൂപയിൽ 224177/- രൂപയുടെ മരുന്നുകൾ മാത്രമേ നാളിതുവരെ ലഭിച്ചിട്ടുള്ളു .

ഇതുമായി ബന്ധപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറി നം 9 ന് നൽകിയ മറുപടിയിൽ മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. ബാക്കിയുള്ള 65812/- -രൂപയുടെ മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-8 വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല.

.സെക്രട്ടറി നടപ്പാക്കിയ താഴെ പറയുന്ന ഡെപ്പോസിറ്റ് വർക്കുകൾക്ക് തുക ചെലവഴിച്ചിട്ടും വേല പൂർത്തീകരിച്ച് വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം. | പ്രോജക്ട് | അടങ്കൽ | ചെലവ് | തുക കൈപ്പറ്റിയത് |
|---|---|---|---|---|---|
| 1 | S0007/18 | തെരുവുവിളക്കുകൾക്ക് മീറ്ററിംഗ്. | 4,00,000/-(വി.ഫ) 1,00,000/-(തനത് ഫ.) | 400000/-(ബിൽനം.7 /17-18/തീ.27.11.17) 96280/-(ചെക്.നം.61769 /21.12.17).... | അസി.എഞ്ചിനീയർ, കെ.എസ്.ഇ.ബി., വാഴക്കുളം, മുടിക്കൽ പി.ഒ. |
| 2 | S0008/18 | കുടിവെള്ളം-ലൈൻ ദീർഘിപ്പിക്കൽ | 4,30,000/- | 4,30,000/(ബിൽനം.8 /17-18/തീ.27.11.17) | എക്സിക്യൂട്ടീവ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി, പി.എച്ച്. ഡിവിഷൻ,ആലുവ |
| | ആകെ | | | 9,26,280/- | |

## 3-9 തെരുവുവിളക്ക് പരിപാലനം- അപാകതകൾ സംബന്ധിച്ച്

| | |
|---|---|
| പ്രൊജക്ട് | തെരുവുവിളക്ക് പരിപാലനം-റിപ്പയറും,മെയിന്റനൻസും |
| പ്രൊജക്ട് നം. | S0087/18 |
| നിർവ്വഹണം | സെക്രട്ടറി |
| അടങ്കൽ | 10,00,000/- |
| ചെലവ് | 6,51,650/-തനത് ഫണ്ട് |

. മേൽ പദ്ധതിയുടെ നടത്തിപ്പിനായി ക്വട്ടേഷൻ ക്ഷണിക്കുകയും ലഭിച്ച ക്വട്ടേഷനിൽ കുറവുതുക രേഖപ്പെടുത്തിയ ശ്രീ അമീർ. പി.എ., ഇലക്ട്രോ ടെക്, പാറപ്പുറം വീട്, എടയപ്പുറം, ആലുവ എന്ന വ്യക്തിയുടെ ക്വട്ടേഷൻ 10.4.17 ലെ 11/11 തീരുമാനപ്രകാരം പഞ്ചായത്ത് കമ്മിറ്റി അംഗീകരിക്കുകയും നിയമാനുസൃതം അദ്ദേഹത്തിനെ ജോലി ഏൽപ്പിക്കുകയും ചെയ്തിട്ടുള്ളതാണ്.

മെറ്റീരിയൽ കോസ്റ്റായും കൂലിയായും നൽകിയ തുകയുടെ വിശദാംശം താഴെ ചേർക്കുന്നു

| ഇനം | അനുവദിച്ച തുക | കുറവു ചെയ്ത തുക | |
|---|---|---|---|
| മെറ്റീരിയൽ കോസ്റ്റ് | 3,00,000 | 3,000/- (1% ആദായ നികുതി) | 2,97,000/- ചെക്ക് നം. 6173/30.10.2017 |
| ലേബർ ചാർജ്ജ് | 3,51,650 | 3517/- (1% ആദായ നികുതി) 34814/- (റിടെൻഷൻ 10%) | 3,13,319/- ചെക്ക് നം. 61759/6.12.17 |

.അംഗീകരിച്ച ടെൻഡറിലെ നിരക്കനുസരിച്ച് വാർഡു മെമ്പർമാരുടെ സാക്ഷ്യപ്പെടുത്തലുള്ള കേടുപാടുകൾ തീർത്ത് തെളിയിച്ച തെരുവു വിളക്കുകൾക്ക് നൽകാവുന്ന തുകയുടെ വിശദാംശം

| ഇനം | കേടുപാടുകൾ തീർത്തവയുടെ എണ്ണം | ടെൻഡർ നിരക്ക് | അനുവദിക്കാവുന്ന തുക |
|---|---|---|---|

| | | | |
|---|---|---|---|
| സിങ്കിൾ ട്യൂബ് | 982 | 350 | 343700 |
| ഡബിൾ ട്യൂബ് | 648 | 415 | 268920 |
| സോഡിയം വേപ്പർ ലാമ്പ് | 23 | 1314 | 30222 |
| ആകെ | | | 642842 |

അതായത് മേൽ പ്രോജക്ട് പ്രകാരം വേല ചെയ്തതിന് 642842/- രൂപ അനുവദിക്കേണ്ടതിന് 651650/- രൂപയാണ്. പഞ്ചായത്തു ഫണ്ട് അനുവദിച്ചത്. തൻമൂലം പഞ്ചായത്ത് ഫണ്ട് 8808/- രൂപഅധികം ചെലവു വന്നിട്ടുണ്ട്.

തെരുവുവിളക്കുകളുടെ എണ്ണം കണക്കാക്കിയതിലെ അപാകത, ലേബർ ചാർജ്ജിന് ഹാജരാക്കിയിരിക്കുന്ന ബില്ല് ഇലക്ട്രോ ടെക്, ഇലക്ട്രിക്കൽ & സാനിട്ടറി വെയർ, മുനിസിപ്പൽ ബിൽഡിംഗ്, കാരോത്തുകഴി ഹോസ്പിറ്റലിന് എതിൽവശം ആലുവ എന്ന സ്ഥാപനത്തിന്റെതായിട്ടും 2% ത്തിനു പകരം 1% ആദായ നികുതി ഈടാക്കിയത്, നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം ഈടാക്കാത്തത് എന്നീ കാരണങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ 7-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭിച്ച മറുപടിയിൽ അപാകത പരിഹരിക്കാമെന്നറിച്ചിട്ടുണ്ട്.

മേൽ പരാമർശം പരിഗണിച്ച് പഞ്ചായത്തു ഫണ്ടിനുണ്ടായ 8808/- രൂപയുടെ നഷ്ടം ഉത്തരവാദിയായ വ്യക്തിയിൽ നിന്നും ഈടാക്കി ഫണ്ടിൽ അടവാക്കേണ്ടതാണ്. ആദായനികുതി 2% നു പകരം 1% ഈടാക്കിയതിനാൽ കുറവു വന്ന 6340/- രൂപയും [ 12857 – (3000+3517) = 6340] കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതമായ (1% 6428 രൂപയും ഈടാക്കി ബന്ധപ്പെട്ട ഫണ്ടിൽ അടവാക്കേണ്ടതാണ്.

.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 127500 | 73/18 നെൽകൃഷി വികസനം | 127500 | 0 |
| " " | " | 120000 | 80/18 പാലിന് സബ്സിഡി | 120000 | 0 |
| " " | " | 275000 | 21/18 ശാരീരിക മാനസിക | 275000 | 0 |

| | | | | | |
|---|---|---|---|---|---|
| | | | വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | | |
| " " | " | 500000 | കൈതകുളം തോട് പുനരുദ്ധാരണം | 0 | 500000 |
| ജില്ലാ പഞ്ചായത്ത് | " | 275000 | 21/18 ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 275000 | 0 |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിട്ടി | 8/18 കുടിവെള്ള ലൈൻ ദീർഘിപ്പിക്കൽ | -- | 430000 | 0 | 430000 |
| കെഎസ്ഇബി | 7/18 സ്ട്രീറ്റ് ലൈറ്റ് മീറ്ററിംഗ് | -- | 496280 | 0 | 496280 |
| " | 9/18 പ്രധാന ഹൈവേകളിൽ LED Light സ്ഥാപിക്കൽ | -- | 6812 | 0 | 6812 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| KURDFC ഭവന വായ്പ | സർക്കാർ കത്ത് 63430/ഡി.ബി /13/ത.സ്വ.ഭ.വ തീ. 25.10.2013 | 10800000 | 6650000 | 1504220 | 658516 | 5145780 |

•

## 4-5 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 4170443 |
| തൻവർഷം നിക്ഷേപിച്ച തുക | 331544 |
| ആകെ | 4501987 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 4501987 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/പോസ്റ്റ് ഓഫീസ്....) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | എറണാകുളം ജില്ലാ സഹകരണ ബാങ്ക്,മെയിൻ ബ്രാഞ്ച്,പെരുമ്പാവൂർ | 10.4.2018 | 6 മാസം | 328351 | രസീത് നം. 101478/10.4.18 |
| 2 | “ | “ | “ | 519887 | 101479/10.4.18 |
| 3 | “ | “ | “ | 179659 | 101480/10.4.18 |
| 4 | “ | “ | “ | 674953 | 101481/10.4.18 |
| 5 | “ | “ | “ | 667245 | 101482/10.4.18 |
| 6 | “ | “ | “ | 542292 | 101483/10.4.18 |
| 7 | “ ഈവനിംഗ് ബ്രാഞ്ച് " | “ | “ | 551712 | 027445/10.4.18 |
| 8 | “ “ | “ | “ | 1037888 | 027446/10.4.18 |
| ആകെ | | | | 4501987 | |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 74478/-.രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 1998-99 | 21(9) | 4 | ---- | 117010103444 |
| 2007-08 | 2(4) | 150 | Moidunnykutty | 11701011075/15.3.18 |
| | 21(12) | 54 | Khadeeja | 117010108662/19.2.18 |
| | “ | 170 | Ahamadunni moideen | 117010108663/19.2.18 |
| 2015-16 | 2(2) | 60780 | Logiware systems | 117010102031/21.7.17 |
| “ | “ | 720 | K.K.Kochunni | 117010100934/16.5.17 |
| “ | “ | 2950 | Narmada manures | 117010101170/1.6.17 |

| | | | | |
|---|---|---|---|---|
| “ | “ | 2400 | Etallia industries | 117010110401/20.3.18 |
| “ | “ | 2500 | Maveli stores | 117010111033/28.3.18 |
| “ | “ | 2500 | “ | 117010111033/” |
| 2015-16 | | 1200 | C.O.Ouseph | 117010100184/12.4.17 |
| 2016-17 | | 1050 | Diamond polymers | 117010110459/21.3.18 |
| | ആകെ | 74478 | | |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2012-13 | -- | 2013-14 | 3.3.6 | വിഷയാധിഷ്ഠിത അവലോകനം- ആരോഗ്യരംഗത്തെ തദ്ദേശസ്ഥാപന ഇടപെടൽ- പിഎച്ച്സി. വാഴക്കുളം | കുടിവെള്ള ലഭ്യത ഉറപ്പുവരുത്തി, ഉപകര ണങ്ങൾ ലഭ്യമാക്കി, വാഹനം വാങ്ങുന്നതിന് നടപടി സ്വീകരിച്ചു, മരുന്ന് സൂക്ഷിക്കുവാൻ നടപടി സ്വീകരിച്ചു. നിയമ സഭാസമിതി തെളി വെട്ടുപ്പ് നടന്നിട്ടില്ല. ഹോമിയോ ഡിസ്പെൻ സറിയിൽ കിടത്തി ചികിത്സ നിലവിൽ ഇല്ല. |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 107066917 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 109649514 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 1667 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 18292 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | -- |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് | സർചാർജ് | |

| | | | |
|---|---|---|---|
| | ചെയ്യാവുന്നവ | ചെയ്യാവുന്നവ | |
| 2-2 | 214 | | ശ്രീ. എം. മൊയ്തുണ്ണിക്കുട്ടി, സെക്രട്ടറി |
| 2-3 | 1453 | | ” |
| 3-1 | -- | 9484 | ” |
| 3-9 | -- | 8808 | ” |

.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 2-2 | 10 (LC) | ശ്രീ. എം. മൊയ്തുണ്ണിക്കുട്ടി, സെക്രട്ടറി |
| 2-3 | 72(LC) | ” |
| 3-9 | 6340 (IT) | ” |
| 3-9 | 6428 (KCWWF) | ” |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. എം. മൊയ്തുണ്ണിക്കുട്ടി, സെക്രട്ടറി | പെർഫോമൻസ് ഓഡിറ്റ് യൂണിറ്റ് -4 അശമന്നൂർ | ഡി2, കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആന്റ് ടെക്നോളജി, യൂണിവേഴ്സിറ്റി ക്വാർട്ടേഴ്സ് |

.

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97, 97-98 | എൽ എഫ്.ഇ (പി5)1210/99/7.3.00 |
| 1998-99 | എൽ എഫ്.ഇ (പി 5)256/01/30.6.01 |
| 1999-00 | എൽ എഫ്.ഇ (പി 5)1017/01/30.6.01 |

| | |
|---|---|
| 2000-01 | എൽ എഫ്.ഇ (പി 5)1370/01/1.8.02 |
| 2001-02 | എൽ എഫ്.ഇ (പി 5)379/04/5.6.04 |
| 2002-03 | എൽ എഫ്.ഇ (പി 5)19/07/03.03.07 |
| 2003-04 | എൽ എഫ്.ഇ (പി 5)746/05/31.05.06 |
| 2004-05 | എൽ എഫ്.ഇ (പി 5)1466/08/16.3.10 |
| 2005-06 | എൽ എഫ്.ഇ (പി 5)1290/09/16.3.10 |
| 2006-07 | എൽ എഫ്.ഇ (പി 5)1210/10/23.5.11 |
| 2007-08 | എൽ എഫ്.ഇ (പി 5)1296/09/16.03.10 |
| 2008-09 | എൽ എഫ്.ഇ (പി 5)1211/10/23.5.11 |
| 2009-10,10-11 | എൽ എഫ്.ഇ (പി 5)1587/12/13.9.12 |
| 2011-12 | എൽ എഫ്.ഇ (പി 5)2213/13/20.12.13 |
| 2012-13 | എൽ എഫ്.ഇ (പി 5)11/15/4.2.15 |
| 2013-14 | കെ എസ് എ-ഇ.കെ.എം (പി 5) 410/16/9.3.16 |
| 2014-15 | കെ എസ് എ-ഇ.കെ.എം (പി 5) 1075/16/5.7.16 |
| 2015-16 | കെ എസ് എ-ഇ.കെ.എം (പി 5) 1906/2016/07.12.16 |
| 2016-17 | കെ എസ് എ-ഇ.കെ.എം (പി 5) 1594/2017/10.10.17 |

അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്

.

## അനുബന്ധം -1

## ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് / സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും വാഴക്കുളം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

. എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

.

ഡെപ്യൂട്ടി ഡയറക്ടർ